19
2022
ജനുവരി
ബുധൻ
മകരം 5

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 224 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-224 പേജ് 4. വില 2.00 രൂപ

02 സംസ്ഥാനത്ത് 28,481 പേർക്ക് കൂടി കോവിഡ്; ടിപിആർ 35.27

03 പ്രതിയായ ഗുണ്ടയുടെ മൊഴി: യുവാവിനെ കൊല്ലും മുമ്പ് കണ്ണുകൾ കുത്തിപ്പൊട്ടിച്ചു

04 അഫ്ഗാനിൽ നിന്ന് പലായനം ചെയ്തവർ ജീവിക്കാനായി കുട്ടികളെ വിൽക്കുന്നു

# കെഫോൺ: ഓരോ മണ്ഡലത്തിലും 100 കുടുംബങ്ങൾക്കുവീതം സൗജന്യ കണക്ഷൻ



മുഖ്യമന്ത്രിയുടെ ഫെയ്സ്ബുക്ക് പോസ്റ്റ്

തിരുവനന്തപുരം: സംസ്ഥാനത്ത് മികച്ച ഇന്റർനെറ്റ് ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി ഒരുക്കാൻ ലക്ഷ്യമിടുന്ന കെ ഫോൺ പദ്ധതി അതിവേഗം പുരോഗമിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രളയവും കോവിഡും ഉൾപ്പെടെയുള്ള പ്രതികൂല സാഹചര്യങ്ങൾ മറികടന്ന് കെ ഫോൺ അതിന്റെ ലക്ഷ്യത്തോട് അടുക്കുകയാണെന്നും 2022 മെയിൽ 140 നിയമസഭാ മണ്ഡലങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 100 കുടുംബങ്ങൾക്ക് വീതം സൗജന്യ കണക്ഷൻ നൽകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ഇടതുപക്ഷ സർക്കാർ പറയുന്നത് പ്രാവർത്തികമാക്കും എന്നത് കേരളത്തിന്റെ കഴിഞ്ഞ ആറു വർഷത്തെ അനുഭവമാണെന്നും ആ അനുഭവം തെറ്റല്ലെന്ന് വീണ്ടും തെളിയിച്ചുകൊണ്ട് കെഫോൺ പദ്ധതി വിജയകരമായി പൂർത്തീകരിക്കുമെന്നും മുഖ്യമന്ത്രിയുടെ ഫെയ്സ്ബുക്ക് പോസ്റ്റിൽ പറയുന്നു. പദ്ധതിയുടെ പൂർത്തീകരണത്തോടെ 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും ബ്രോഡ്ബാന്റ് കണക്ഷൻ ലഭ്യമാക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

നിലവിൽ 2600 കിമീ ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ സ്ഥാപിക്കാനുള്ളതിൽ 2045 കിമീ പൂർത്തിയായി. 34961 കി.മീ. എ.ഡി.എസ്.എസ് ഒ.എഫ്.സി കേബിൾ ഇടാനുള്ളതിൽ 14 ജില്ലകളിലായി 11,906 കി.മീ പൂർത്തീകരിച്ചു. 75 പോപ്പുകളിൽ (ജചജ ജീശിേ ീള ജൃലലെിരല) 114 എണ്ണം പൂർത്തീകരിക്കുകയും 216 എണ്ണം പൂർത്തീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. കെ.എസ്.ഇ.ബി സബ്സ്റ്റേഷനുകളിൽ ആണ് ഇവ സജ്ജീകരിക്കുന്നത്.

NOC (Network Operating Cetnre) -ന്റെ മുഴുവൻ പണികളും പൂർത്തീകരിച്ചു. എൻഡ് ഓഫീസ് കണക്റ്റിവിറ്റി ലക്ഷ്യമിടുന്ന 30,000 സർക്കാർ ഓഫീസുകളിൽ 3019 എണ്ണം 2021 ഡിസംബർ 31നുള്ളിൽ പ്രവർത്തനസജ്ജമായി. ഓരോ മാസവും 3000 മുതൽ 5000 വരെ ഓഫീസുകൾ സജ്ജമാകുന്ന രീതിയിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ബാക്കിയുള്ളവ 2022, ജൂണിൽ പൂർത്തിയാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

## അജി ബ്രൈറ്റിനെ സിബിഐ അറസ്റ്റ് ചെയ്തു



തിരുവനന്തപുരം: ആനക്കൊമ്പ് കേസിലെ മുഖ്യപ്രതി അജി ബ്രൈറ്റിനെ സിബിഐ അറസ്റ്റ് ചെയ്തു. തിരുവനന്തപുരം പേട്ടയിൽ നിന്നും സിബിഐയുടെ ചെന്നൈ യൂണിറ്റാണ് അജിയെ അറസ്റ്റ് ചെയ്തത്.

2016ൽ കോയമ്പത്തൂരിൽ രജിസ്റ്റർ ചെയ്ത ആനക്കൊമ്പ് കേസുമായി ബന്ധപ്പെട്ടാണ് സിബിഐ നടപടി. ചൊവ്വാഴ്ച രാവിലെ പാൽ വിതരണത്തിനിടെ നാടകീയമായാണ് അജിബ്രൈറ്റിനെ സിബിഐ സംഘം പിടികൂടിയത്. വാഹനം തടഞ്ഞ് താക്കോൽ ഊരിയെടുത്ത ശേഷം അജിയെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. ശേഷം സഹോദരനെ ഫോണിൽ വിളിച്ച് വിവരമറിയിക്കുകയും ചെയ്തു.

അജിയുടെ ജീവന് ഭീഷണിയുണ്ടെന്ന് സഹോദരൻ പറഞ്ഞു. ഏറെ വിവാദമായ ഇടമലയാർ ആനക്കൊമ്പ് കേസിലെ പ്രതികളിലൊരാളാണ് അജിബ്രൈറ്റ്. ഈ കേസിൽ അറസ്റ്റിലായതിന് പിന്നാലെയാണ് താൻ ക്രൂരമായ കസ്റ്റഡി മർദനത്തിനിരയായെന്ന് അജി വെളിപ്പെടുത്തിയത്. ഈ കേസിൻറെ അന്വേഷണം അന്തിമഘട്ടത്തിലെത്തിനിൽക്കെയാണ് അജിബ്രൈറ്റിനെ സിബിഐ സംഘം അറസ്റ്റ് ചെയ്തിരിക്കുന്നത്.

## കണക്കിൽപ്പെടാത്ത ഒരുകോടിയോളം രൂപയുമായി യുപിയിൽ രണ്ടുപേർ അറസ്റ്റിൽ

ലക്നോ: കണക്കിൽപ്പെടാത്ത ഒരുകോടിയോളം രൂപയുമായി ഉത്തർപ്രദേശിൽ രണ്ടു പേർ അറസ്റ്റിൽ. നോയിഡയിലാണ് സംഭവം. ഇവർ സഞ്ചരിച്ച വാഹനത്തിൽ നിന്നും 99,30,500 രൂപ പിടികൂടി. ലോക്കൽ പോലീസ് നൽകിയ വിവരത്തിൻറെ അടിസ്ഥാനത്തിൽ ആദായനികുതി ഉദ്യോഗസ്ഥരാണ് ഈ പണം പിടിച്ചെടുത്തത്. ഇവരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. പണവുമായി ബന്ധപ്പെട്ട രേഖകളൊന്നും ഹാജരാക്കാൻ ഇവർക്കായിട്ടില്ല.



## ഐഎൻഎസ് രൺവീറിൽ പൊട്ടിത്തെറി; മൂന്നു നാവികർ മരിച്ചു

മുംബൈ: നാവികസേനാ പടക്കപ്പൽ ഐഎൻഎസ് രൺവീറിൽ പൊട്ടിത്തെറി. മൂന്നു നാവികർ മരിച്ചു. 11 പേർക്ക് പരിക്കേറ്റു. മുംബൈ തീരത്തിനടുത്തുവെച്ചാണ് സംഭവം.

കപ്പലിനുള്ളിലെ കാബിനിലാണ് പൊട്ടിത്തെറി ഉണ്ടായതെന്ന് നാവിക സേനാവൃത്തങ്ങൾ വ്യക്തമാക്കി. കൊല്ലപ്പെട്ടവരെപ്പറ്റിയുള്ള വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. സ്ഥിതി നിയന്ത്രണവിധേയമാണെന്ന് നാവികസേന അറിയിച്ചു. മുംബൈ ഡോക്യാർഡിലാണ് സംഭവം.

2021 നവംബറിലാണ് ഐ.എൻ.എസ്. രൺവീർ ഈസ്റ്റേൺ നേവൽ കമാൻഡിന്റെ ഭാഗമായത്. സ്ഫോടനം സംബന്ധിച്ച് നാവികസേന അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്.

കൃഷൻ കുമാർ, സുവിന്ദർ കുമാർ, എ.കെ. സിങ് എന്നിവരാണ് മരിച്ചത്. സ്ഫോടനത്തിൽ ഏതാനുംപേർക്ക് പരിക്കേറ്റിട്ടുണ്ട്. അവരുടെ പരിക്ക് ഗുരുതരമല്ലെന്ന് നാവികസേന അറിയിച്ചു.

## വിവാഹ വാഗ്ദാനം നൽകി പീഡനം: ശ്രീകാന്ത് വെട്ടിയാർക്കെതിരേ കേസെടുത്തു

കൊച്ചി: വിവാഹവാഗ്ദാനം നൽകി പീഡിപ്പിച്ചെന്ന പരാതിയിൽ യുട്യൂബ് വ്ലോഗർ ശ്രീകാന്ത് വെട്ടിയാർക്കെതിരേ കേസെടുത്തു. കൊല്ലം സ്വദേശിനിയുടെ പരാതിയിൽ കൊച്ചി സെൻട്രൽ പോലീസാണ് കേസെടുത്തത്. വിവാഹവാഗ്ദാനം നൽകി കൊച്ചിയിലെ രണ്ട് ഹോട്ടലുകളിൽ എത്തിച്ച് പീഡിപ്പിച്ചതായാണ് പരാതി.

ഒളിവിൽ പോയ ശ്രീകാന്തിനെ കണ്ടെത്തുന്നതിനായി പോലീസ് തെരച്ചിൽ ആരംഭിച്ചു. ദിവസങ്ങൾക്ക് മുമ്പേ സാമൂഹികമാധ്യമങ്ങളിൽ ശ്രീകാന്ത് വെട്ടിയാർക്കെതിരേ 'മീടൂ' ആരോപണങ്ങൾ ഉയർന്നിരുന്നു. വിമെൻ എഗെയ്ൻസ്റ്റ് സെക്ഷ്വൽ ഹരാസ്!മെൻറ് എന്ന ഗ്രൂപ്പിലാണ് ഇയാൾക്കെതിരേ ആരോപണങ്ങൾ വന്നത്.

## ടി.പി.ആർ നിരക്കിനനുസരിച്ച് പരിശോധന വർധിപ്പിക്കണം

### സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിന്റെ നിർദേശം



ന്യൂഡൽഹി: കോവിഡ് പരിശോധനകളുടെ എണ്ണം കൂട്ടണമെന്ന് സംസ്ഥാനങ്ങൾക്ക് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദേശം. പോസിറ്റിവിറ്റി നിരക്കനുസരിച്ച് പരിശോധന കൂട്ടണമെന്നാണ് കേന്ദ്രം നിർദേശിച്ചിരിക്കുന്നത്.

വലിയരീതിയിൽ വ്യാപനമുണ്ടായിരുന്ന ഡൽഹി, മുംബൈ എന്നിവിടങ്ങളിൽ കഴിഞ്ഞ മൂന്ന് ദിവസമായി പ്രതിദിന രോഗികളുടെ എണ്ണത്തിൽ വലിയ കുറവ് രേഖപ്പെടുത്തിയിരുന്നു. എന്നാൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിൽ കാര്യമായ വ്യത്യാസം ഉണ്ടാവുന്നുമില്ല. ഈ പ്രദേശങ്ങളിൽ ടെസ്റ്റുകളുടെ എണ്ണം കുറയുന്നു എന്നാണ് ആരോഗ്യ മന്ത്രാലയത്തിന്റെ വിലയിരുത്തൽ. അതിനാലാണ് രോഗികളുടെ എണ്ണം കുറയുന്നതെന്നും കേന്ദ്ര സർക്കാർ വിലയിരുത്തുന്നു.

ഇതിനെ തുടർന്ന് എല്ലാ സംസ്ഥാനങ്ങളോടും ടെസ്റ്റുകളുടെ എണ്ണം വർധിപ്പിക്കാനാണ് സർക്കാർ നിർദേശം നൽകിയിരിക്കുന്നത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കൂടുതലായ പ്രദേശങ്ങളിൽ പരിശോധന ശക്തമാക്കാനും സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. അതുവഴി വൈറസിന്റെ വ്യാപനം പരമാവധി തടയുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാൻ സംസ്ഥാനങ്ങൾ തയ്യാറാവണമെന്നും കേന്ദ്രം നിർദേശിക്കുന്നു.

കോവിഡ് രോഗികൾക്ക് ചികിത്സയ്ക്ക് ശേഷവും ചുമ തുടരുകയാണെങ്കിൽ അവർക്ക് സ്റ്റിറോയിഡ് നൽകുന്നതിന് പകരം അവരെ ക്ഷയരോഗ പരിശോധനയ്ക്ക് വിധേയരാക്കണമെന്ന പുതിയ മാർഗരേഖയും ആരോഗ്യമന്ത്രാലയം പുറപ്പെടുവിച്ചു. നിലവിലെ സാഹചര്യം അത്ര ആശ്വാസകരമല്ലെന്നും കേന്ദ്ര സർക്കാരിന്റെ നിർദേശങ്ങളിൽ വ്യക്തമാക്കുന്നു.

## കുപ്രസിദ്ധ കുറ്റവാളി സലിം ഗാസി മരിച്ചു


മുംബൈ: കുപ്രസിദ്ധ കുറ്റവാളി സലിം ഗാസി മരിച്ചതായി മുംബൈ പൊലീസ്. ശനിയാഴ്ച കറാച്ചിയിൽ വച്ചായിരുന്നു മരണം.

1993 മുംബൈ സ്ഫോടനകേസിലെ മുഖ്യപ്രതിയാണ് സലിം ഗാസി. ദാവൂദ് സംഘത്തിലെ അംഗവും ഛോട്ടാ ഷക്കീലിന്റെ അടുത്ത അനുയായിയുമാണ്.

1993 ലെ മുംബൈ ഭീകരാക്രമണത്തിൽ മുഖ്യപങ്ക് വഹിച്ച വ്യക്തിയാണ് സലിം. 250 പേരാണ് ഈ തീവ്രവാദ ആക്രമണത്തിൽ മരണപ്പെട്ടത്. 600 പേർക്ക് പരുക്കേൽക്കുകയും ചെയ്തിരുന്നു. ആക്രമണത്തിന് ആവശ്യമായ ആയുധങ്ങളും സ്ഫോടകവസ്തുക്കളും പരിശീലിക്കാനായി ആക്രമികളെ ദുബായി വഴി പാകിസ്താനിലേക്ക് അയച്ചത് സലിം ഗാസിയാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. സ്ഫോടനപരമ്പരയ്ക്ക് പിന്നാലെ ഛോട്ടാ ഷക്കീലിനൊപ്പം സലിം ഗാസിയും മുംബൈ വിട്ടു. ഏറെ നാൾ യുഎഇയിൽ ഒളിവിലായിരുന്ന ഗാസി പിന്നീട് പാകിസ്ഥാനിലേക്ക് കടക്കുകയായിരുന്നു.

## തലസ്ഥാനത്ത് സ്ഥിതി ഗുരുതരം

### ടിപിആർ 48%; നിയന്ത്രണങ്ങൾ ശക്തമാക്കാൻ തീരുമാനം



തിരുവനന്തപുരം: തലസ്ഥാനത്തെ കോവിഡ് സാഹചര്യം അതീവ ഗുരുതരമെന്ന് മന്ത്രി ആന്റണി രാജു. ടെസ്റ്റ് ചെയ്യുന്ന രണ്ടിലൊരാൾ പോസിറ്റീവ് ആവുകയാണ്. കൂടുതൽ നിയന്ത്രണങ്ങളിലേക്ക് കടക്കുന്നില്ലെങ്കിലും നിലവിലുള്ള നിയന്ത്രണങ്ങൾ കർശനമായി നടപ്പിലാക്കുമെന്ന് മന്ത്രി പറഞ്ഞു. പ്രത്യേക അവലോകന യോഗത്തിന് ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിൽ ഏറ്റവും ഉയർന്ന ടി.പി.ആർ ഉള്ള ജില്ല തിരുവനന്തപുരമാണ്. 48 ശതമാനമാണ് ജില്ലയിലെ കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്. തിരുവനന്തപുരം നഗരത്തിലാണ് ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്നത്. നിയമന്ത്രണങ്ങൾ കൃത്യമായി പാലിക്കേണ്ടതിന്റെ പ്രാധാന്യം ജനങ്ങൾ തിരിച്ചറിയണം.

ജില്ലയിൽ കളക്ടർ പ്രഖ്യാപിച്ച നിയന്ത്രണങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള നിർദേശം നൽകിയിട്ടുണ്ട്. നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കും. വിവാഹങ്ങൾ 50 പേർ പങ്കെടുക്കണമെന്ന നിർദേശം പല സ്ഥലങ്ങളിലും ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കാൻ പോലീസിന് നിർദേശം നൽകും.

നിയന്ത്രണങ്ങൾക്കുള്ള നിർദേശങ്ങൾ ജനങ്ങൾ ഗൗരവത്തിൽ എടുക്കുന്നില്ല എന്നാണ് യോഗത്തിന്റെ വിലയിരുത്തൽ. ഈ സ്ഥിതിക്ക് മാറ്റമുണ്ടാവണം. മാളുകൾക്കും നിർദേശങ്ങൾ ബാധകമാണ്. മാളുകളിലെ തിരക്കുകൾ നിയന്ത്രിക്കണം. സർക്കാരിന്റെ എല്ലാ പരിപാടികളും നിലവിലെ സാഹചര്യത്തിൽ മാറ്റിയിട്ടുണ്ട്. അപ്പോഴും ചില സംഘടനകൾ അവർ തീരുമാനിച്ച പരിപാടിയുമായി മുന്നോട്ട് പോകുകയാണ്. അത് ഒരു കാരണവശാലും അംഗീകരിക്കില്ല. തിരുവനന്തപുരത്തെ കോവിഡ് വ്യാപനം കുറയ്ക്കുന്നതിനായുള്ള ചില നിർദേശങ്ങൾ സർക്കാരിലേക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങളിൽ മുഖ്യമന്ത്രിയും ഉന്നതാധികാര സമിതിയുമാണ് തീരുമാനമെടുക്കേണ്ടതെന്നും മന്ത്രി ആന്റണി രാജു വ്യക്തമാക്കി.

ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ, ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു എന്നിവർ പങ്കെടുത്ത ഉന്നതതലയോഗത്തിലാണ് ജില്ലയിൽ കോവിഡ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യത്തിൽ നിയന്ത്രണങ്ങൾ കർശനമാക്കാൻ തീരുമാനിച്ചത്. കോവിഡ് വ്യാപന നിരക്ക് പ്രതിദിനം ഉയർന്നുവരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ കൂട്ടം കൂടുന്നതുൾപ്പെടെ ഒഴിവാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കാൻ മന്ത്രിമാർ പോലീസ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. വിവാഹ, മരണാനന്തര ചടങ്ങുകൾക്കുള്ള നിയന്ത്രണങ്ങൾ കടുപ്പിക്കും. പങ്കെടുക്കുന്നവരുടെ എണ്ണം 50 ൽ കൂടാതിരിക്കാൻ പോലീസ് നിരീക്ഷണം കർശനമാക്കാനും യോഗം തീരുമാനിച്ചു.

ടിപിആർ നിരക്ക് 48 ശതമാനമായി ഉയർന്ന സാഹചര്യത്തിൽ ജില്ലയിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ വിട്ടുവീഴ്ച പാടില്ലെന്ന് മന്ത്രിമാർ നിർദേശിച്ചു. ആശുപത്രികളും കോളേജുകളും ഉൾപ്പെടെ ജില്ലയിൽ നിലവിൽ 35 കോവിഡ് ക്ലസ്റ്ററുകളാണുള്ളത്. 7 സിഎഫ്എൽടിസികൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യപ്രവർത്തകരുൾപ്പെടെ കോവിഡ് ബാധിതരാകുന്ന സാഹചര്യത്തിൽ ജനങ്ങൾ കൂടുതൽ ജാഗ്രത പാലിക്കണമെന്നും അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കി നിയന്ത്രണങ്ങളോട് സഹകരിക്കണമെന്നും യോഗം നിർദേശിച്ചു. മാളുകളിലും വ്യാപാരസ്ഥാപനങ്ങളിലും തിരക്ക് അനുവദിക്കില്ല. ജില്ലാ ഭരണകൂടം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. തിരുവനനന്തപുരം മേയർ ആര്യാ രാജേന്ദ്രൻ, ജില്ലാ പോലീസ് കമ്മീഷണർ, റൂറൽ പോലീസ് സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ, റവന്യൂ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ ജില്ലാ തല ഉദ്യോഗസ്ഥർ എന്നിവരും യോഗത്തിൽ പങ്കെടുത്തു.



നാടകവിചാരം പരിപാടിയുടെ ഭാഗമായി നാടക നിരൂപകൻ കൂടിയായ പ്രൊഫ.എം.കെ.സാനുവിന് കേരള സംഗീത നാടക അക്കാദമി വൈസ് ചെയർമാൻ സേവ്യർ പുൽപ്പാട്ടും സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശിയും ചേർന്ന് ഉപഹാരം നല്കുന്നു. ഫാ.തോമസ് പുതുശ്ശേരി, അക്കാദമി പ്രോഗ്രാം ഓഫീസർ വി.കെ.അനിൽ കുമാർ തുടങ്ങിയവർ സമീപം.

# രാജ്യത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാരുകൾ സഹകരിക്കണം: നിതിൻ ഗഡ്കരി

രാജ്യത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ തമ്മിലുള്ള സഹകരണത്തിന് കേന്ദ്ര ഉപരിതല ഗതാഗതഹൈവേ മന്ത്രി ശ്രീ നിതിൻ ഗഡ്കരി തിങ്കളാഴ്ച ആഹ്വാനം ചെയ്തു. ഇന്ത്യയെ 5 ട്രില്യൺ ഡോളർ സമ്പദ്വ്യവസ്ഥയായി മാറ്റുന്നതിന് അടിസ്ഥാന സൗകര്യ വികസനം ഒരു പ്രധാന പങ്ക് വഹിക്കുമെന്ന് അദ്ദേഹം പറഞ്ഞു. റോഡ് ഗതാഗത ഹൈവേ മന്ത്രാലയം (ങീഞഠഒ), ദക്ഷിണ മേഖലയ്ക്കായി സംഘടിപ്പിച്ച ''പിഎംഗതി ശക്തി'' എന്ന കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് കരുത്തുറ്റ പശ്ചാത്തല സൗകര്യമാണ് അടിസ്ഥാനമെന്നും പിഎംഗതി ശക്തി അതിന് സഹായമൊരുക്കുമെന്നും കേരളത്തിലെ പൊതുമരാമത്ത്ടൂറിസം വകുപ്പ് മന്ത്രി ശ്രീ പി എ മുഹമ്മദ് റിയാസ് പറഞ്ഞു. വിവിധ മാതൃകയിലുള്ള കണക്ടിവിറ്റി വികസിപ്പിക്കുന്നതിന് അനുയോജ്യമായ ഭൂപ്രകൃതിയാണ് കേരളത്തിലുള്ളതെന്ന് അദ്ദേഹം പറഞ്ഞു. സംസ്ഥാന തലത്തിൽ അടിസ്ഥാന ചട്ടക്കൂട് സൃഷ്ടിക്കുന്നതിനെക്കുറിച്ച് സ്വാഗത പ്രസംഗം നടത്തിയ ഞഒഞഠഒ സെക്രട്ടറി ശ്രീ ഗിരിധർ അരമനേ എടുത്തു പറഞ്ഞു. അടിസ്ഥാന വികസനത്തിന് കർമ്മപദ്ധതി തയ്യാറാക്കുന്നതിന് ഒപ്പം കേന്ദ്ര മന്ത്രാലയങ്ങളിലെയും സംസ്ഥാന ഗവണ്മെന്റികളിലെയും ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണവും വിഭവശേഷി വികസനവുമാണ് സമ്മേളനത്തിന്റെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു.

കേരളം, ആൻഡമാൻ & നിക്കോബാർ ദ്വീപുകൾ, ആന്ധ്രാപ്രദേശ്, കർണാടക, ലക്ഷദ്വീപ്, മഹാരാഷ്ട്ര, പുതുച്ചേരി, തമിഴ്നാട്, തെലങ്കാന എന്നിവയാണ് പരിപാടിയിൽ പങ്കെടുത്ത സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണപ്രദേശങ്ങൾ.

ഒരു ദിവസത്തെ പരിപാടിയിൽ, പദ്ധതിയുടെ വിവിധ വശങ്ങളെക്കുറിച്ചുള്ള പാനൽ ചർച്ചകളിൽ കേന്ദ്രസംസ്ഥാന ഉദ്യോഗസ്ഥർ പങ്കെടുത്തു. അതത് സംസ്ഥാനങ്ങളിലെ/കേന്ദ്ര ഭരണ പ്രദേശങ്ങളിലെ ഇതുവരെയുള്ള നേട്ടങ്ങൾ, അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തന പദ്ധതി എന്നിവയെ കുറിച്ച് പരിപാടിയിൽ പങ്കെടുത്ത സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണപ്രദേശങ്ങൾ കോൺഫറൻസിൽ അവതരണം നടത്തി.

# 'സ്ട്രീറ്റ്സ് ഫോർ പീപ്പിൾ' ,'നർച്ചറിംഗ് നൈബർഹുഡ്സ്" മത്സരങ്ങളിലെ വിജയികളെ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം പ്രഖ്യാപിച്ചു

സ്ട്രീറ്റ്സ് ഫോർ പീപ്പിൾ ചലഞ്ചിൽ വിജയികളായ പതിനൊന്ന് നഗരങ്ങളെയും, നർച്ചറിംഗ് നൈബർഹുഡ്സ് ചലഞ്ചിന്റെ പൈലറ്റ് ഘട്ടത്തിൽ വിജയിച്ച പത്ത് നഗരങ്ങളെയും കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ഓൺലൈനായി സംഘടിപ്പിച്ച പരിപാടിയിൽ പ്രഖ്യാപിച്ചു. ഈ നഗരങ്ങൾ ഇനി മത്സരത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് കടക്കും. പൈലറ്റ് ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികൾ സുസ്ഥിരമായ രീതിയിൽ വികസിപ്പിക്കുകയും ചെയ്യും. ചടങ്ങിൽ, 'ഇന്ത്യ സൈക്കിൾസ് 4 ചേഞ്ചിന്റെയും', 'സ്ട്രീറ്റ്സ് ഫോർ പീപ്പിൾ ചലഞ്ചിന്റെയും' രണ്ടാം സീസണിന് തുടക്കം കുറിക്കുകയും 'നർച്ചറിംഗ് നെയ്ബർഹുഡ്സ് ചലഞ്ച്: സ്റ്റോറീസ് ഫ്രം ദി ഫീൽഡ്' എന്ന പുസ്തകം പുറത്തിറക്കുകയും ചെയ്തു.

കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം സെക്രട്ടറി ശ്രീ മനോജ് ജോഷി അധ്യക്ഷത വഹിച്ചു. ചലഞ്ച് നടത്തിയ പങ്കാളികളായ സംഘടനകളിലെ ആഗോള, ഇന്ത്യൻ ഉദ്യോഗസ്ഥർ, വിജയിച്ച നഗരങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, 100 സ്മാർട്ട് സിറ്റികളുടെ സിഇഒമാർ ഉൾപ്പെടെ കേന്ദ്രസംസ്ഥാന ഗവണ്മെന്റുകളിലെ ഉദ്യോഗസ്ഥർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

സ്ട്രീറ്റ്സ് ഫോർ പീപ്പിൾ ചലഞ്ചിൽ തിരഞ്ഞെടുക്കപ്പെട്ട 11 നഗരങ്ങൾക്ക് അമ്പത് ലക്ഷം രൂപ വീതം കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം സമ്മാനം നൽകും. ഈ 11 നഗരങ്ങളിൽ കൊച്ചിയും ഉൾപ്പെടുന്നു. ട്രീറ്റ്സ് ഫോർ പീപ്പിൾ ചലഞ്ചിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, https://smartnet.niua.org/indiastreetchallenge/ എന്ന ലിങ്ക് സന്ദർശിക്കുക.

ഇന്ത്യൻ നഗരങ്ങളിൽ ബാല്യകാല സൗഹൃദ അയൽപക്കങ്ങൾ രൂപപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള 3 വർഷത്തെ വിവിധ ഘട്ടങ്ങളായുള്ള സംരംഭമാണ് നർച്ചറിംഗ് നൈബർഹുഡ്സ് ചലഞ്ച്. കൂടുതൽ വിവരങ്ങൾക്ക് https://smartnetniua.org/nurturingneighbourhoodschallenge/web/ സന്ദർശിക്കുക.

# കുട്ടികൾക്ക് സ്കൂളുകളിൽ വാക്സിനേഷൻ ഇന്നു മുതൽ

## സ്കൂളുകളിലെ വാക്സിനേഷന് ആരോഗ്യ വകുപ്പ് സജ്ജം

സംസ്ഥാനത്തെ സ്കൂളുകളിൽ കോവിഡ് വാക്സിനേഷന് ആരോഗ്യ വകുപ്പ് സജ്ജമാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കോവിഡ് വ്യാപന സമയത്ത് പരമാവധി കുട്ടികൾക്ക് വാക്സിൻ നൽകി സുരക്ഷിതമാക്കാനാണ് സ്കൂളുകളിൽ വാക്സിനേഷൻ നടത്താൻ തീരുമാനിച്ചത്. മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരം ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും നിരവധി തവണ ചർച്ച നടത്തിയ ശേഷം ഇരു മന്ത്രിമാരുടേയും യോഗത്തിലാണ് സ്കൂളുകളിലെ വാക്സിനേഷന് അന്തിമ രൂപം നൽകിയത്.

പൂർണമായും കോവിഡ് മാർഗനിർദേശങ്ങൾ പാലിച്ചായിരിക്കും വാക്സിനേഷൻ പ്രവർത്തിക്കുക. രക്ഷിതാക്കളുടെ സമ്മതത്തോടെയായിരിക്കും വാക്സിൻ നൽകുക. 15 വയസിന് മുകളിലുള്ള കുട്ടികൾക്ക് വാക്സിൻ എടുത്തെന്ന് എല്ലാ രക്ഷിതാക്കളും ഉറപ്പാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

സംസ്ഥാനത്ത് 15 വയസിനും 18 വയസിനും ഇടയ്ക്കുള്ള 8,31,495 പേർക്ക് (55 ശതമാനം) ആകെ വാക്സിൻ നൽകാനായി. അതിനാൽ തന്നെ പകുതിയിൽ താഴെ കുട്ടികൾക്ക് മാത്രമേ വാക്സിൻ നൽകാനുള്ളു. 2007ലോ അതിനുമുമ്പോ ജനിച്ചവർക്ക് വാക്സിൻ എടുക്കാവുന്നതാണ്. വാക്സിൻ എടുക്കാത്ത വിദ്യാർത്ഥികൾ സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. 500ൽ കൂടുതൽ ഗുണഭോക്താക്കളുള്ള സ്കൂളുകളെ സെഷൻ സൈറ്റുകളായി തിരഞ്ഞെടുത്താണ് വാക്സിനേഷൻ നടത്തുന്നത്.

സ്കൂളുകളിൽ തയ്യാറാക്കിയ വാക്സിനേഷൻ സെഷനുകൾ അടുത്തുള്ള സർക്കാർ കോവിഡ് വാക്സിനേഷൻ കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. സാധാരണ വാക്സിനേഷൻ കേന്ദ്രങ്ങൾ പോലെ സ്കൂൾ വാക്സിനേഷൻ കേന്ദ്രങ്ങളിലും വെയ്റ്റിംഗ് ഏരിയ, വാക്സിനേഷൻ റൂം, ഒബ്സർവേഷൻ റൂം എന്നിവ ഉണ്ടായിരിക്കും. ഇൻഫ്രാറെഡ് തെർമോമീറ്റർ ഉപയോഗിച്ച് താപനില പരിശോധിച്ച ശേഷമായിരിക്കും വിദ്യാർത്ഥികളെ വാക്സിനേഷൻ കേന്ദ്രത്തിൽ പ്രവേശിപ്പിക്കുക. കൈകൾ സാനിറ്റൈസ് ചെയ്ത ശേഷം വിദ്യാർത്ഥികൾ വെയിറ്റിംഗ് ഏരിയയിൽ വിശ്രമിക്കണം.

ആധാറോ സ്കൂൾ ഐഡി കാർഡോ കുട്ടികൾ കയ്യിൽ കരുതണം. വാക്സിനേഷൻ ഡെസ്കിൽ ഇവ കാണിച്ച് രജിസ്റ്റർ ചെയ്ത കുട്ടിയാണെന്ന് ഉറപ്പ് വരുത്തും. കുട്ടിക്ക് മറ്റ് ആരോഗ്യ പ്രശ്നങ്ങളോ അലർജിയോ ഇല്ലായെന്ന് ചോദിച്ച് ഉറപ്പ് വരുത്തും.


അതിന് ശേഷം വാക്സിനേഷൻ റൂമിലെത്തി വാക്സിൻ സ്വീകരിക്കാവുന്നതാണ്. ഓരോ കേന്ദ്രത്തിലും ഒരു ഡോക്ടറുടെ സേവനമുണ്ടാകും.

വാക്സിനെടുത്ത ശേഷം ഒബ്സർവേഷൻ റൂമിൽ 30 മിനിറ്റ് കുട്ടികളെ നിരീക്ഷിക്കുന്നതായിരിക്കും. എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുന്നെങ്കിൽ പരിഹരിക്കുന്നതിന് എഇഎഫ്ഐ (Adverse Events Following Immunization) മാനേജ് ചെയ്യുന്നതിനുള്ള സംവിധാനം എല്ലാ കേന്ദ്രങ്ങളിലുമൊരുക്കുന്നതാണ്.

കുട്ടികൾക്ക് കൂടുതൽ ബുദ്ധിമുട്ടകൾ കാണുന്നുവെങ്കിൽ തൊട്ടടുത്ത എഇഎഫ്ഐ മാനേജ്മെന്റ് സെന്ററിലെത്തിക്കുന്നതാണ്. ഇതിനായി സ്കൂളുകൾ ഓക്സിജൻ സൗകര്യമുള്ള ആംബുലൻസ് ഉറപ്പാക്കുന്നതാണ്.

രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണിവരെയായിരിക്കും സ്കൂളുകളിലെ വാക്സിനേഷൻ സമയം. സ്കൂളുകളുടെ സൗകര്യം കൂടി കണക്കിലെടുത്ത് വാക്സിനേഷൻ സമയത്തിന് മാറ്റം വന്നേക്കാം.

# സംസ്ഥാനത്ത് 28,481 പേർക്ക് കൂടി; ടിപിആർ 35.27



തിരുവനന്തപുരം: സംസ്ഥാനത്ത് 28,481 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 80,740 സാമ്പിളുകളാണ് പരിശോധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 7,303 പേർ രോഗമുക്തി നേടി. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കും ഉയരുകയാണ്. 35.27 ശതമാനമാണ് ടിപിആർ. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 39 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്.

ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 83 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 51,026 ആയി.തിരുവനന്തപുരം 6911, എറണാകുളം 4013, കോഴിക്കോട് 2967, തൃശൂർ 2622, കോട്ടയം 1758, കൊല്ലം 1604, പാലക്കാട് 1546, മലപ്പുറം 1375, പത്തനംതിട്ട 1328, കണ്ണൂർ 1170, ആലപ്പുഴ 1087, ഇടുക്കി 969, കാസർഗോഡ് 606, വയനാട് 525 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 165 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 27,522 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 579 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 215 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2,69,422 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 2,64,003 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റൈനിലും 5419 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 944 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 1,42,512 കോവിഡ് കേസുകളിൽ, 3.4 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. 1,42,512 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 52,36,013 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

## മെഡിക്കൽ കോളജിൽ റിസർച്ച് അസിസ്റ്റന്റ് കരാർ നിയമനം

തിരുവനന്തപുരം: സർക്കാർ മെഡിക്കൽ കോളജിൽ റിസർച്ച് അസിസ്റ്റന്റ് തസ്തികയിലേക്ക് കരാർ നിയമനം നടത്തുന്നു. ശാസ്ത്ര വിഷയത്തിലോ ബന്ധപ്പെട്ട വിഷയത്തിലോ ബിരുദവും മൂന്ന് വർഷത്തെ പ്രവർത്തി പരിചയം അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ പിജിയാണ് യോഗ്യത. പ്രായപരിധി 30 വയസ്. ശമ്പളം മാസം 31,000 രൂപ. കരാർ കാലാവധിഒരു വർഷം.

# നഴ്സിംഗ് ഓഫീസറുടെ മരണം: മന്ത്രി വീണാ ജോർജ് അനുശോചനം രേഖപ്പെടുത്തി



വർക്കല താലൂക്ക് ആശുപത്രിയിലെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് വൺ സരിതയുടെ (45) നിര്യാണത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അനുശോചനം രേഖപ്പെടുത്തി. കല്ലറ സിഎഫ്എൽടിസിയിൽ ഡ്യൂട്ടിയിലായിരുന്നു സരിത. ഡ്യൂട്ടി കഴിഞ്ഞ് ഇന്നലെ നടത്തിയ പരിശോധനയിലാണ് കോവിഡ് സ്ഥിരീകരിച്ചത്. മറ്റ് ബുദ്ധിമുട്ടുകളില്ലാത്തതിനാൽ ഇവർ വീട്ടിൽ ക്വാറന്റൈനിലായിരുന്നു. ഇന്ന് രാവിലെയാണ് വീട്ടിൽ മരണമടഞ്ഞതായി ബന്ധുക്കൾ കണ്ടത്. കാര്യമായ ആരോഗ്യ പ്രശ്നങ്ങളൊന്നും തന്നെ സരിതയ്ക്കുണ്ടായിരുന്നില്ല എന്നാണ് മനസിലാക്കാൻ സാധിച്ചത്. സരിതയുടെ മരണം ആരോഗ്യ വകുപ്പിന് തീരാനഷ്ടമാണ്. സരിതയുടെ മരണത്തിൽ അതീവ ദു:ഖം രേഖപ്പെടുത്തുന്നതായും മന്ത്രി അറിയിച്ചു.

എല്ലാവരും കൂടുതൽ ശ്രദ്ധിക്കേണ്ട സ്ഥിതിയാണ് വന്നിരിക്കുന്നത്. കോവിഡിനെ ആരും നിസാരമായി കാണരുത്. എല്ലാവരും അതീവ ജാഗ്രത തുടരണമെന്നും മന്ത്രി പറഞ്ഞു.



## കൂടിക്കൂടി ആശങ്ക; 63 പേർക്ക് കൂടി ഒമിക്രോൺ

തിരുവനന്തപുരം 14, കൊല്ലം 10, എറണാകുളം എട്ട്, മലപ്പുറം നാല്, ഇടുക്കി മൂന്ന്, പാലക്കാട് രണ്ട്, പത്തനംതിട്ട, കോട്ടയം, കോഴിക്കോട് ഒന്ന് വീതം എന്നിങ്ങനെയാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. നാല് പേർ വിവിധ രാജ്യങ്ങളിൽ നിന്നും വന്ന തമിഴ്നാട് സ്വദേശികളാണ്. 36 പേർ ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും ഒൻപത് പേർ ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്നതാണ്. ഒൻപത് പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നതാണ്. ഒൻപത് പേർക്ക് സമ്പർക്കത്തിലൂടെയാണ് ഒമിക്രോൺ ബാധിച്ചത്. തിരുവനന്തപുരത്തുള്ള ഏഴ് പേർക്കും തൃശൂരിലെ രണ്ട് പേർക്കുമാണ് സമ്പർക്കത്തിലൂടെ ഒമിക്രോൺ സ്ഥിരീകരിച്ചത്.

## മുട്ടക്കോഴികൾ വിൽപ്പനയ്ക്ക്

100 ദിവസത്തിനുമേൽ പ്രായമുള്ള ബി.വി380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ നിന്നും ലഭിക്കും.

ആവശ്യമുള്ളവർ 9495000915, 9495000918 എന്നീ നമ്പറുകളിൽ രാവിലെ 10 നും വൈകിട്ട് അഞ്ചിനും ഇടയ്ക്ക് വിളിക്കാം.

## ഡെന്റൽ കൗൺസിലിൽ തിരഞ്ഞെടുപ്പ്

കേരള ഡെന്റൽ കൗൺസിലിലേക്കുള്ള അംഗങ്ങളെയും ഇന്ത്യൻ ഡെന്റൽ കൗൺസിലിലേക്കുള്ള പ്രതിനിധിയേയും തിരഞ്ഞെടുക്കുന്നതിന്റെ വിശദാംശങ്ങൾ ജനുവരി ഏഴിന് 113 ാം നമ്പർ കേരളാ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. നാമനിർദ്ദേശ പത്രിക കൗൺസിൽ ഓഫീസിൽ ലഭ്യമാണ്. ഫെബ്രുവരി 10 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം.

പോളിങ് മേയ് നാലിനും വോട്ടെണ്ണൽ മേയ് അഞ്ചിനും നടക്കും. കൂടുതൽ വിവരങ്ങൾക്ക്: www.keraladentalcouncil.org.in.

## മേഴ്സി ചാൻസ് പരീക്ഷ മാർച്ചിൽ

ഐ.എച്ച്.ആർ.ഡി യുടെ വിവിധ കോഴ്സുകളുടെ മേഴ്സി ചാൻസ് പരീക്ഷ മാർച്ചിൽ. 2010/2011 സ്കീമിൽ നടത്തിയ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ഡിപ്ലോമ ഇൻ ഡാറ്റാ എൻട്രി ടെക്നിക്സ് ആന്റ് ഓഫീസ് ഓട്ടോമേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സുകളുടെ പരീക്ഷകൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് നടത്തും.

വിദ്യാർഥികൾക്ക് ഫെബ്രുവരി ഒന്ന് വരെ പിഴ കൂടാതെയും ഫെബ്രുവരി എട്ട് മുതൽ പിഴയോടെയും രജിസ്റ്റർ ചെയ്യാം.

ഫെബ്രുവരി രണ്ടാം വാരത്തിൽ ടൈം ടേബിൾ പ്രസിദ്ധീകരിക്കും.

വിശദവിവരങ്ങൾക്ക്: www.ihrd.ac.in.

# ചൈനയിൽ ജനനനിരക്കിൽ വീണ്ടും ഇടിവ്



ബീജിങ്: മൂന്നു കുട്ടികൾ വരെയാകാമെന്ന് നിയമം പരിഷ്കരിച്ചിട്ടും ജനനനിരക്കിൽ ചൈന ഏറെ പിന്നോട്ടുപോകുന്നതായി കണക്കുകൾ. ചൈനയിലെ ജനനനിരക്ക് ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിലയിലാണെന്ന് നാഷണൽ ബ്യൂറോ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് പുറത്തു വിട്ട റിപ്പോർട്ട് വ്യക്തമാക്കുന്നു. 2021 ൽ ആയിരം പേർക്ക് 7.52 എന്ന തോതിലാണ് ചൈനയിലെ ആകെ ജനനനിരക്ക്. ചൈനയുടെ 73 വർഷത്തെ ചരിത്രത്തിലെ ഏറ്റവുംകുറഞ്ഞ ജനനനിരക്കാണ് കഴിഞ്ഞ വർഷം രേഖപ്പെടുത്തിയത്. തൊട്ടു മുൻപത്തെ വർഷം ഇത് ആയിരം പേർക്ക് 8.52 എന്ന തോതിലായിരുന്നു. ജനസംഖ്യ കുറയുന്നതിനെ മറികടക്കാൻ മൂന്നുകുട്ടികൾ വരെയാകാമെന്ന നിയമത്തിന് കഴിഞ്ഞ ഓഗസ്റ്റിൽ ചൈന അംഗീകാരം നൽകിയിരുന്നു. ജനസംഖ്യ കണക്കെടുപ്പിൽ ജനങ്ങളുടെ എണ്ണം കുത്തനെ കുറഞ്ഞതിനെ തുടർന്നാണ് ചൈന നിയമം തിരുത്തിയെഴുതിയത്. ഉയർന്ന ജോലി സമ്മർദം, സ്ത്രീകളുടെ വിദ്യാഭ്യാസത്തിലുണ്ടായ മുന്നേറ്റം, സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യം, ഉയർന്ന ജീവിത ചെലവ് തുടങ്ങിയ ഘടകങ്ങൾ ജനനനിരക്കിനെ സ്വാധീനിച്ചതായി വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. സാമ്പത്തിക ബാധ്യതയാകുമെന്ന് കരുതിയാണ് പല ദമ്പതികളും ഒന്നിലധികം കുട്ടികളെന്ന ആഗ്രഹം ഉപേക്ഷിക്കുന്നത്. മൂന്നു പതിറ്റാണ്ടിലേറെയായി നടപ്പാക്കിയ ഒറ്റക്കുട്ടി നയം 400 ദശലക്ഷത്തികം ജനനങ്ങൾ തടഞ്ഞുവെന്നാണ് ചൈനീസ് അധികൃതരുടെ അവകാശവാദം.

# വാർഡുതല സമിതികൾ ശക്തിപ്പെടുത്തും

തിരുവനന്തപുരം: സംസ്ഥാനത്ത് കോവിഡ് രോഗികളുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ മന്ത്രി എം.വി. ഗോവിന്ദൻ , ആരോഗ്യ മന്ത്രി വീണാ ജോർജ് എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേർന്നു.

വാർഡുതല കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ യോഗം തീരുമാനിച്ചു. എല്ലാ വാർഡുകളിലും റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) ശക്തിപ്പെടുത്തും. വൊളൻറിയർമാരെ സജീവമാക്കും. തദ്ദേശ സ്ഥാപന തലത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ ശക്തമാക്കും.

കുടുംബശ്രീ പ്രവർത്തകരെക്കൂടി ഇതിൽ പങ്കാളികളാക്കും. തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി വാക്സിനേഷൻ പ്രവർത്തനങ്ങളും ഊർജിതമാക്കിയിട്ടുണ്ട്.

വ്യാപനം കൂടിയ പ്രദേശങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. ജില്ലാ ദുരന്ത നിവാരണ അഥോറിറ്റി നിർദേശിക്കുന്ന സ്ഥലങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ കൂടുതൽ സിഎഫ്എൽടിസികൾ സജ്ജമാക്കും.

ആവശ്യമെങ്കിൽ ഹോസ്റ്റലുകൾ ഏറ്റെടുക്കും. ഓരോ പ്രദേശത്തുമുള്ള കോവിഡ് കേസുകളുടെ വർധന സംബന്ധിച്ച് ആരോഗ്യ വകുപ്പ് ആവശ്യമായ വിവരങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകും.

## നോർക്ക സെന്ററിൽ അറ്റസ്റ്റേഷൻ ഇല്ല

തിരുവനന്തപുരം: നോർക്ക റൂട്ട്സ് തിരുവനന്തപുരം സെന്ററിൽ ഈ മാസം 20, 21 തീയതികളിൽ

സാങ്കേതിക കാരണങ്ങളാൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ഉണ്ടായിരിക്കുന്നതല്ലെന്ന് സിഇഒ അറിയിച്ചു.

# കോവിഡ്: വീടുകളിൽ ഐസൊലേഷന് പുതിയ മാർഗനിർദേശങ്ങൾ

തിരുവനന്തപുരം: കോവിഡ് ബാധിച്ചു വീടുകളിൽ ഐസൊലേഷനിൽ കഴിയുന്നവർക്ക് ആരോഗ്യ വകുപ്പ് പുതിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. സംസ്ഥാനത്ത് കോവിഡ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യത്തിലാണ് പുതിയ നിർദേശങ്ങൾ. രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ വൈദ്യസഹായം തേടണമെന്നും കുടുംബാംഗങ്ങളുമായി സാമൂഹിക അകലം അടക്കമുള്ള കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്നും മാർഗനിർദേശത്തിൽ പറയുന്നു. കോവിഡ് പോസിറ്റിവായി ചുരുങ്ങിയത് ഏഴു ദിവസമെങ്കിലും പിന്നിടുകയോ മൂന്നു ദിവസങ്ങളിൽ പനി ഇല്ലാതിരിക്കുകയോ ചെയ്താൽ ഹോം ഐസൊലേഷൻ അവസാനിപ്പിക്കാം. ഹോം ഐസൊലേഷൻ കാലാവധി കഴിഞ്ഞതിനു ശേഷം വീണ്ടും ടെസ്റ്റ് ചെയ്യേണ്ടതില്ല. മാസ്ക് ധരിക്കുന്നതു തുടരണമെന്നും ആരോഗ്യ വകുപ്പിന്റെ മാർഗനിർദേശത്തിൽ പറയുന്നു.

രോഗിയുമായി അടുത്ത സമ്പർക്കം പുലർത്തിയവർ വീട്ടിൽ സ്വയം നിരീക്ഷണത്തിലിരിക്കുകയും രോഗലക്ഷണങ്ങളുണ്ടായാൽ വൈദ്യസഹായം തേടുകയും ചെയ്യണം. മൂന്നു ദിവസം തുടർച്ചയായി കുറയാതെ തുടരുന്ന കടുത്ത പനി, ശ്വാസോച്ഛ്വാസത്തിനുള്ള ബുദ്ധിമുട്ട്, നെഞ്ചിൽ വേദനയും മർദ്ദവും അനുഭവപ്പെടുക, ആശയക്കുഴപ്പവും എഴുന്നേൽക്കാൻ ബുദ്ധിമുട്ടും അനുഭവപ്പെടുക, കടുത്ത ക്ഷീണവും പേശിവേദനയും അനുഭവപ്പെടുക, ശരീരത്തിൽ ഓക്സിജൻ അളവ് കുറയുക തുടങ്ങിയവയിൽ ഏതെങ്കിലും ലക്ഷണങ്ങളുണ്ടെങ്കിലാണ് വൈദ്യസഹായം തേടേണ്ടത്. രോഗം സ്ഥിരീകരിച്ച് വീടുകളിൽ ഐസൊലേഷനിൽ കഴിയുന്നവർ കുടുംബാംഗങ്ങളിൽനിന്നു അകലം പാലിക്കണം. വായു സഞ്ചാരമുള്ള മുറിയിലാകണം ഐസൊലേഷനിൽ കഴിയേണ്ടത്. എപ്പോഴും എൻ95 മാസ്കോ ഡബിൾ മാസ്കോ ഉപയോഗിക്കണം. ധാരാളം പാനീയം കുടിക്കുകയും വിശ്രമിക്കുകയും വേണം. കൈകൾ ഇടയ്ക്കിടെ സോപ്പും വെള്ളവും ഉപയോഗിച്ചു കഴുകുകയും സാനിറ്റൈസ് ചെയ്യുകയും വേണം. പാത്രങ്ങൾ ഉൾപ്പെടെ വ്യക്തിഗത ആവശ്യത്തിനായി ഉപയോഗിക്കുന്ന വസ്തുക്കൾ ആരുമായും പങ്കുവയ്ക്കരുത്. ഇടയ്ക്കിടെ സ്പർശിക്കുന്ന പ്രതലങ്ങൾ സോപ്പ്, ഡിറ്റർജന്റ്, വെള്ളം എന്നിവ ഉപയോഗിച്ചു വൃത്തിയാക്കണം. ഓക്സിജൻ അളവ്, ശരീര ഊഷ്മാവ് എന്നിവ കൃത്യമായി നിരീക്ഷിക്കണം.

# കെഎസ്ആർടിസിയിൽ പ്രതിസന്ധി ഇല്ല: വ്യാജ പ്രചരണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമെന്ന് മന്ത്രി

തിരുവനന്തപുരം: കെഎസ്ആർടിസിയിൽ കോവിഡ് പ്രതിസന്ധി ഇല്ലെന്ന് ഗതാഗത മന്ത്രി ആന്റണി രാജു. പ്രതിസന്ധിയെന്നത് ഒരു വിഭാഗം ജീവനക്കാരുടെ പ്രചാരണം മാത്രമാണ്. ഇവർക്കെതിരെ നടപടി സ്വീകരിക്കും. ബസുകളിൽ തിരക്ക് കുറയ്ക്കാൻ നിർദേശം നൽകിയെന്നും നിലവിൽ സർവീസുകൾ നിർത്തേണ്ട സാഹചര്യം ഇല്ലെന്നും മന്ത്രി മാധ്യമങ്ങളോട് വ്യക്തമാക്കി. കെഎസ്ആർടിസി കണ്ടക്ടർമാർക്ക് ബൂസ്റ്റർ ഡോസ് വാക്സിൻ നൽകാൻ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറോട് സിഎംഡി അഭ്യർത്ഥിച്ചിട്ടുണ്ട്. അതിനുള്ള ക്രമീകരണങ്ങൾ നടന്നു വരികയാണ്. ആദ്യ ഘട്ടത്തിൽ കണ്ടക്ടർമാർക്കാണ് ബൂസ്റ്റർ ഡോസ് നൽകുക. സ്കൂൾ വിദ്യാർത്ഥികൾക്ക് വാക്സിനേഷൻ നൽകുന്നത് കാരണം !ഡിപ്പോകളിൽ വാക്സിനേഷൻ ക്യാമ്പ് നടത്താനുള്ള ബുദ്ധിമുട്ട് ആരോഗ്യവകുപ്പ് അറിയിച്ചതിനെ തുടർന്ന് ഓരോ ആശുപത്രികളിലായി വാക്സിനേഷൻ നടത്താനുള്ള ശ്രമങ്ങൾ നടത്തി വരുകയാമാണ്. 3431 ബസുകളാണ് ഇന്നലെ സർവീസ് നടത്തിയത്. 1388 ബസുകൾ തിരുവനന്തപുരത്ത് മാത്രമായി സർവീസ് നടത്തുന്നു. 700 ബസുകൾ മാത്രമാണ് സർവീസ് നടത്തുന്നതെന്ന തരത്തിലുള്ള പ്രചരണം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് സിഎംഡി വ്യക്തമാക്കി. അതേസമയം, കെഎസ്ആർടിസി തൊഴിലാളികളുടെ ജോലി ചെയ്യാതിരിക്കാനുള്ള അടവാണ് കോവിഡ് വാർത്തകൾക്ക് പിന്നിലെന്ന ഗതാഗത മന്ത്രി ആന്റണി രാജുവിന്റെ പ്രസ്താവന മാന്യത ഇല്ലാത്തതാണെന്ന് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ. പ്രസ്താവന പിൻവലിക്കണമെന്ന് യൂണിയൻ ജനറൽ സെക്രട്ടറി എം ജി രാഹുൽ ആവശ്യപ്പെട്ടു.

പൊതു ജനങ്ങളുമായി ഇഴുകി ചേർന്ന് തൊഴിലെടുക്കുന്നവർക്ക് വൈറസ് രോഗ സാധ്യത വളരെ കൂടുതലാണ്. പൊതു ഗതാഗതരംഗം ഈ നിലയിൽ കുത്തിനിറച്ച് സർവീസിന് തയ്യാറാകുമ്പോൾ അതിലെ തൊഴിലാളികൾക്കും യാത്രക്കാർക്കും രോഗസാധ്യത കൂടുതലാവും. ഈ സാഹചര്യത്തിൽ ഗതാഗത മന്ത്രിയുടെ പ്രസ്താവന വിവരക്കേടായേ കാണാനാകൂ.

ടിപിആർ കുത്തനെ ഉയർന്നിട്ടും നിയന്ത്രണങ്ങൾ സംബന്ധിച്ച് ഒരു ഉത്തരവും കെഎസ്ആർടിസി പുറപ്പെടുവിച്ചിട്ടില്ല.അടിയന്തിരമായി ഹ്രസ്വ ദീർഘ ദൂര സർവീസുകളിൽ പൂർണമായി നിർത്തലാക്കിക്കൊണ്ട് ഉത്തരവിറക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. നൂറുകണക്കിന് തൊഴിലാളികളാണ് രോഗബാധിതരായി ചികിത്സയിലുള്ളത്.ഡിപ്പോകളെ ക്ലസ്റ്ററുകളാക്കാൻ അനുവദിക്കരുതെന്നും ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കണമെന്നും യൂണിയൻ ആവശ്യപ്പെട്ടു.

# സൗഹൃദവേദി പുസ്തക പ്രകാശനവും കുടുംബ സംഗമവും

തിരുവനന്തപുരം: കലാ സാംസ്കാരിക കൂട്ടായ്മയായ സൗഹൃദവേദിയുടെ പുസ്തക പ്രകാശനവും കുടുംബ സംഗമവും നടന്നു. പരിപാടിയുടെ ഉദ്ഘാടനം വഴുതക്കാട് ചാന്ദ് അക്കാദമിയിൽ വച്ച് നടന്ന ചടങ്ങിൽ ഗതാഗതമന്ത്രി അഡ്വ. ആന്റണി രാജു നിർവഹിച്ചു.

തിരുവനന്തപുരം നിവാസികളായ പത്തനാപുരം പുനലൂർ താലൂക്കുകാരുടേതാണ് കൂട്ടായ്മ. സിപിഐ സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി അഡ്വ. കെ പ്രകാശ് ബാബു മുഖ്യപ്രഭാഷണം നടത്തി. പാറക്കുന്നിൽ സുധാകരൻ രചിച്ച 'ആരുമല്ല ഞാൻ' എന്ന കവിതാ സമാഹാരവും പരിപാടിയിൽ വച്ച് പ്രകാശനം ചെയ്തു. പി സി തോമസ്കുട്ടി(പ്രസിഡന്റ്), ഡോ. പി കെ സുരേഷ് കുമാർ(സെക്രട്ടറി), ഡോ. വിളക്കുടി രാജേന്ദ്രൻ, പ്രൊഫ. ജി ബാലചന്ദ്രൻ, ഡോ. ജി രാജേന്ദ്രൻ പിള്ള, ജി രവീന്ദ്രൻ നായർ, പ്രൊഫ. രമ ഹരിദാസ്, പ്രൊഫ. കെ ജി ചന്ദ്രശേഖരൻ നായർ, പാറക്കുന്നിൽ സുധാകരൻ, സുഖം നായർ, ഡോ. എം എസ് രാജൻ എന്നിവർ സംസാരിച്ചു. മികച്ച അധ്യാപക അവാർഡ് ലഭിച്ച ഷൈലാബായിയെ ചടങ്ങിൽ ആദരിച്ചു. സൗഹൃദവേദി അംഗങ്ങളായ എഴുത്തുകാരുടെ പുസ്തക പ്രദർശനവും സംഘടിപ്പിച്ചു.

# ഐഎച്ച്ആർഡി മേഴ്സി ചാൻസ് പരീക്ഷ

തിരുവനന്തപുരം: ഐഎച്ച്ആർഡി മേഴ്സി ചാൻസ് പരീക്ഷകൾ മാർച്ചിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തും. 2010, 2011 സ്കീമിൽ നടത്തിയ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ഡിപ്ലോമ ഇൻ ഡാറ്റാ എൻട്രി ടെക്നിക്സ് ആന്റ് ഓഫീസ് ഓട്ടോമേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് എന്നീ കോഴ്സുകളുടെ പരീക്ഷകളാണ് നടത്തുക. വിദ്യാർത്ഥികൾക്ക് പഠിച്ചിരുന്ന സെന്ററുകളിൽ ഫെബ്രുവരി ഒന്ന് വരെ ഫൈൻ ഇല്ലാതെയും ഫെബ്രുവരി എട്ട് വരെ 100 രൂപ ഫൈനോടുകൂടിയും പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു. പരീക്ഷാ ടൈംടേബിൾ ഫെബ്രുവരി രണ്ടാം വാരത്തിൽ പ്രസിദ്ധീകരിക്കും. രജിസ്ട്രേഷനുള്ള അപേക്ഷാ ഫോം സെന്ററിൽ നിന്നും ലഭ്യമാണ്. വിശദവിവരങ്ങൾ www.i-hr-d.a-c.in വെബ്സൈറ്റിൽ ലഭ്യമാണ്.

## വാക്ക് ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം: കാര്യവട്ടത്തെ യൂണിവേഴ്സിറ്റി എൻജിനീയറിങ് കോളജിൽ കെമിസ്ട്രി ഗസ്റ്റ് അധ്യാപക നിയമനത്തിനായി വാക് ഇൻ ഇന്റർവ്യൂ നടത്തും.

ഈ മാസം 27ന് രാവിലെ 11 മണിക്ക് കോളജ് ഓഫീസിൽ വച്ചാണ് ഇന്റർവ്യൂ. കെമിസ്ട്രിയിൽ 55 ശതമാനം മാർക്കോടെ പിജിയും പിഎച്ച്ഡി/നെറ്റ് യോഗ്യതയും ഉള്ളവർക്ക് പങ്കെടുക്കാം. വിശദവിവരങ്ങൾക്ക്: 9495541174, 9447125125.

# വ്യവസായ വകുപ്പിന്റെ പുതിയ പദ്ധതിക്ക് പിന്തുണയറിയിച്ച് തൊഴിലാളി സംഘടനകൾ

തിരുവനന്തപുരം: വരുന്ന സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കാനും ഒരു ലക്ഷം സംരംഭങ്ങൾ പുതുതായി ആരംഭിക്കാനുമുള്ള വ്യവസായ വകുപ്പിന്റെ പദ്ധതിക്ക് പൂർണ പിന്തുണയറിയിച്ച് തൊഴിലാളി സംഘടനകൾ.

വ്യവസായ മന്ത്രി പി രാജീവ് തൊഴിലാളി സംഘടനാ നേതാക്കളുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് പദ്ധതിക്കുള്ള പിന്തുണ യൂണിയനുകൾ അറിയിച്ചത്.

പുതിയ സംരംഭങ്ങളിലെ വേതന നിരക്ക് നിശ്ചയിക്കുമ്പോൾ, അവ മുന്നോട്ട് പോകുമെന്ന് ഉറപ്പു വരുത്തുന്നതും യാഥാർത്ഥ്യ ബോധത്തിൽ അധിഷ്ഠിതവുമായ നിലപാട് യൂണിയനുകൾ സ്വീകരിക്കണമെന്ന് മന്ത്രി പറഞ്ഞു.

കൂടിക്കാഴ്ചയിൽ പങ്കെടുത്ത എല്ലാ യൂണിയൻ പ്രതിനിധികളും സർക്കാരിന്റെ പുതിയ പദ്ധതിക്ക് പിന്തുണ അറിയിച്ചു.

വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്. ബൃഹത്തായ ക്യാമ്പയിനിലൂടെ ആരംഭിക്കുന്ന പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ശിൽപ്പശാലകൾ സംഘടിപ്പിക്കും.

ഇതിന് ശേഷം നടക്കുന്ന ലൈസൻസ്/ലോൺ/സബ്സിഡി മേളകളിലൂടെയാണ് സംരംഭകർ സംരംഭങ്ങൾ ആരംഭിക്കുന്നത്. ഇതിനാവശ്യമായ പിന്തുണ തദ്ദേശ സ്വയംഭരണ വകുപ്പും സഹകരണ വകുപ്പും ഉറപ്പ് വരുത്തുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങളുടെയും ജിയോ ടാഗിങ്ങ് ഉള്ള ഉൽപ്പന്നങ്ങളുടെയും വിൽപ്പന ഉറപ്പ് വരുത്തുന്നതിനായി ആധുനിക രീതിയിലുള്ള മാർക്കറ്റിങ്ങ് പോർട്ടൽ സജ്ജമാക്കുന്നത് നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ആസൂത്രണം ചെയ്യുന്നുണ്ട്.

ഒരു പഞ്ചായത്ത് ഒരു ഉൽപ്പന്നം എന്ന രീതിയിൽ നിർമ്മിക്കുന്ന ഉൽപ്പങ്ങൾക്കും മാർക്കറ്റിങ്ങ് ഉറപ്പ് വരുത്താൻ ശ്രമിക്കും. ഇവർക്ക് കൂടി സഹായകമാകുന്ന രീതിയിൽ മെയ്ഡ് ഇൻ കേരള ബ്രാൻഡ് പ്രോത്സാഹിപ്പിക്കാനും പദ്ധതിയിലൂടെ ശ്രമിക്കുമെന്നും മന്ത്രി അറിയിച്ചു.

പൊതുമേഖലയെ സംരക്ഷിക്കുകയും കേന്ദ്രസർക്കാർ വിൽപ്പനക്ക് വെച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നിലനിർത്തുകയും ചെയ്യുന്ന നയത്തേയും യോഗത്തിൽ തൊഴിലാളി സംഘടനകൾ അഭിനന്ദിച്ചു.

എഐടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി കെപി രാജേന്ദ്രൻ, സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരിം , ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ, എസ്ടിയു സംസ്ഥാന പ്രസിഡന്റ് എം റഹ്മത്തുള്ള , തോമസ് ജോസഫ് (യുടിയുസി), കളത്തിൽ വിജയൻ (ടിയുസിസി), ജികെഅജിത്ത് (ബിഎംഎസ്), ടോമി മാത്യു (എച്ച്എംഎസ്), സോണിയ ജോർജ്ജ് (സേവ) എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# ജില്ലയിൽ കോവിഡ് വ്യാപനം രൂക്ഷം: ടിപിആർ നിരക്ക് 48 ശതമാനം

## നിയന്ത്രണങ്ങൾ കടുപ്പിക്കും മന്ത്രിമാരുടെ സാന്നിധ്യത്തിൽ ഉന്നതതലയോഗം ചേർന്നു

തിരുവനന്തപുരം: ജില്ലയിൽ കോവിഡ് വ്യാപനം അതിരൂക്ഷം. ടിപിആർ നിരക്ക് 48 ശതമാനമായി ഉയർന്നു. ഇന്നലെ6,911 പേർക്കുകൂടി പുതുതായി രോഗം സ്ഥിരീകരിച്ചു. രോഗം സ്ഥിരീകരിച്ച് 36,250 പേരാണ് ചികിത്സയിലുള്ളത്. 785 പേർ രോഗമുക്തരായി.

രോഗവ്യാപനം രൂക്ഷമാകുന്ന സാഹചര്യത്തിൽ നിയന്ത്രണങ്ങൾ കർശനമാക്കാൻ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ഭക്ഷ്യമന്ത്രി ജി ആർ അനിൽ, ഗതാഗത മന്ത്രി ആന്റണി രാജു എന്നിവർ പങ്കെടുത്ത ഉന്നതതല യോഗത്തിൽ തീരുമാനമായി. കോവിഡ് വ്യാപന നിരക്ക് പ്രതിദിനം ഉയർന്നുവരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ കൂട്ടം കൂടുന്നതുൾപ്പെടെ ഒഴിവാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കാൻ മന്ത്രിമാർ പൊലീസ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. വിവാഹ, മരണാനന്തര ചടങ്ങുകൾക്കുള്ള നിയന്ത്രണങ്ങൾ കടുപ്പിക്കും. പങ്കെടുക്കുന്നവരുടെ എണ്ണം 50ൽ കൂടാതിരിക്കാൻ പൊലീസ് നിരീക്ഷണം കർശനമാക്കാനും യോഗം തീരുമാനിച്ചു.

ജില്ലയിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ വിട്ടുവീഴ്ച പാടില്ലെന്ന് മന്ത്രിമാർ നിർദേശിച്ചു. ആശുപത്രികളും കോളജുകളും ഉൾപ്പെടെ ജില്ലയിൽ നിലവിൽ 35 കോവിഡ് ക്ലസ്റ്ററുകളാണുള്ളത്.

ഏഴ് സിഎഫ്എൽടിസികൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യപ്രവർത്തകരുൾപ്പെടെ കോവിഡ് ബാധിതരാകുന്ന സാഹചര്യത്തിൽ ജനങ്ങൾ കൂടുതൽ ജാഗ്രതപാലിക്കണമെന്നും അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കി നിയന്ത്രണങ്ങളോട് സഹകരിക്കണമെന്നും യോഗം നിർദേശിച്ചു.

മാളുകളിലും വ്യാപാര സ്ഥാപനങ്ങളിലും തിരക്ക് അനുവദിക്കില്ല. ജില്ലാ ഭരണകൂടം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. തിരുവനനന്തപുരംമേയർ ആര്യാ രാജേന്ദ്രൻ, ജില്ലാ പൊലീസ് കമ്മിഷണർ, റൂറൽ പൊലീസ് സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ, റവന്യൂ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

# പ്രതിയായ ഗുണ്ടയുടെ മൊഴി: യുവാവിനെ കൊല്ലും മുമ്പ് കണ്ണുകൾ കുത്തിപ്പൊട്ടിച്ചു

കോട്ടയം: കോട്ടയം നഗരമധ്യത്തിൽ യുവാവിനെ കൊലപ്പെടുത്തിയ കേസിൽ അഞ്ചുപേർ പൊലീസിന്റെ പിടിയിൽ. ഗുണ്ടാത്തലവൻ ജോമോൻ അടക്കമുള്ളവരാണ് പൊലീസിന്റെ പിടിയിലായത്. ഇവർ സഞ്ചരിച്ചിരുന്ന ഓട്ടോയും പൊലീസ് കസ്റ്റഡിയിലെടുത്തു. കളക്ടറേറ്റിന് സമീപം കീഴുക്കുന്ന് ഉറുമ്പയത്ത് ഷാൻ ബാബു (19 ) വിനെയാണ് കാപ്പാ കേസിലെ പ്രതി കൂടിയായ മുള്ളങ്കുഴി കോതമനയിൽ ജോമോൻ കെ ജോസ് കമ്പിവടിക്കും കല്ലിനും അടിച്ച് കൊലപ്പെടുത്തിയത്. ഞായറാഴ്ച രാത്രിയിൽ ഷാനെ തട്ടിക്കൊണ്ടു പോയ ജോമോനൊപ്പം നാലു പേർ കൂടി ഉണ്ടായിരുന്നതായാണ് പൊലീസ് നൽകുന്ന വിവരം. തിങ്കളാഴ്ച തന്നെ രണ്ട് പേരെ കസ്റ്റഡിയിലെടുത്തിരുന്നു. മറ്റുള്ളവരെ ഇന്നലെ പൊലീസ് പിടികൂടി.

കോട്ടയം കീഴുക്കുന്ന് ഭാഗത്തെ വീട്ടിൽ നിന്നും അർധരാത്രി പ്രതിയും സംഘവും ഷാനെ വീട്ടിൽ നിന്നും വിളിച്ചിറക്കി കൊണ്ടുപോവുകയായിരുന്നു. വീട്ടിൽ നിന്നും ഇറങ്ങിയ ശേഷം ഓട്ടോറിക്ഷയിൽ ഷാനെയുമായി പ്രതികൾ മാങ്ങാനം ഭാഗത്തേക്ക് പോയി. തുടർന്ന്, ഷാനെ മർദ്ദിച്ചശേഷം കണ്ണിൽ വിരൽ കുത്തി ഇറക്കി കാഴ്ച നശിപ്പിച്ചതായും പ്രതി ജോമോൻ പൊലീസിന് മൊഴി നൽകിയിട്ടുണ്ട്. മെഡിക്കൽ കോളജ് ആശുപത്രിയിൽ നടത്തിയ പോസ്റ്റ് മോർട്ടത്തിലും ഇത് തെളിഞ്ഞിട്ടുണ്ട്. ജോമോന്റെ എതിരാളിയുമായി ഷാൻ സൗഹൃദത്തിലായതാണ് കൊലപാതകത്തിന് കാരണമെന്നാണ് പൊലീസ് നൽകുന്ന വിവരം. കൊലപാതകത്തിന് ശേഷം ഓട്ടോയിൽ തന്നെ ഇടവഴികളിലൂടെ നഗരത്തിലേക്ക് എത്തിയ പ്രതികൾ പൊലീസ് സ്റ്റേഷന് നൂറു മീറ്റർ അകലെ മാറ്റി വാഹനം നിർത്തി. ജോമോനെ അവിടെ ഇറക്കിയ ശേഷം മറ്റുള്ളവർ കടന്നുകളഞ്ഞതായി പൊലീസ് പറഞ്ഞു. ഇവിടെ നിന്നും മൃതദേഹം തോളിലേറ്റി സ്റ്റേഷനിലെത്തിച്ചത് ജോമോനാണ്. ഇയാളെ ഇന്നലെ കൊലപാതകം നടന്ന സ്ഥലത്തെത്തിച്ച് തെളിവെടുപ്പ് നടത്തി. ഷാനിന്റെ മൃതദേഹം പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തിയാക്കിയതിന് ശേഷം പിതാവിന്റെ സ്വദേശമായ കൊട്ടരക്കരയിലേക്ക് കൊണ്ടുപോയി.

ഷാനും മുമ്പ് കഞ്ചാവ് കേസിൽ പ്രതിയായിരുന്നു. ബസിൽ കഞ്ചാവ് കടത്തിയ കേസിൽ പൊലീസ് അറസ്റ്റ് ചെയ്ത ഷാൻ പാലക്കാട് ജയിലിൽ നിന്നും കഴിഞ്ഞ ആഗസ്റ്റിലാണ് ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയത്.

# റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചുവിറ്റ കേസ് നാലു പ്രതികൾക്കെതിരെ കുറ്റം ചുമത്താൻ ഉത്തരവ്

തിരുവനന്തപുരം: റേഷൻ ഭക്ഷ്യസാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചുവിറ്റെന്ന കേസിൽ നാലു പ്രതികൾക്കെതിരെ കുറ്റം ചുമത്താൻ തിരുവനന്തപുരം സിബിഐ കോടതി ഉത്തരവിട്ടു. 38.79 ലക്ഷം രൂപയുടെ 2,399 ചാക്ക് റേഷൻ ഭക്ഷ്യധാന്യങ്ങൾ കരിഞ്ചന്തയിൽ മറിച്ചുവിറ്റ കേസിലാണ് ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ മാനേജരും സ്വകാര്യ കമ്പനിയുടമകളുമടക്കമുള്ള പ്രതികൾക്കെതിരെ ഉത്തരവ്.

ഈ മാസം 29ന് നാലു പ്രതികളും ഹാജരാകാൻ സിബിഐ ജഡ്ജി കെ സനിൽകുമാർ ഉത്തരവിട്ടു. കുറ്റസ്ഥാപനത്തിൽ രണ്ടു വർഷത്തിന് മേൽ ശിക്ഷിക്കാവുന്ന വാറണ്ട് വിചാരണ കേസായതിനാൽ സിബിഐ കുറ്റപത്രവും കേസ് റിക്കോർഡുകളും പരിശോധിച്ച് കോടതി സ്വമേധയാ തയാറാക്കുന്ന കുറ്റപത്രമനുസരിച്ചാണ് കുറ്റം ചുമത്തുന്നത്. എഫ്സിഐ ഡിപ്പോ മാനേജർ പി ഗിരീശൻ, സ്വകാര്യ കമ്പനിയുടമകളായ അബൂബക്കർ പെരുമ്പാട്ടി, ആർ ഗണേശൻ, എ കെ അസൈൻ എന്നിവരാണ് കേസിൽ ഹാജരാകേണ്ടത്.

2017 ഏപ്രിൽ ഒന്നിനും ജൂൺ 30 നുമിടയിലാണ് സംസ്ഥാനത്തെ ഞെട്ടിച്ച വൻ കള്ളക്കടത്ത് നടന്നത്. മൂന്ന് എഫ്സിഐ ഗോഡൗണുകളിൽ അരി, ഗോതമ്പ് എന്നിവയുടെ സ്റ്റോക്കിൽ വൻ കുറവുണ്ടെന്ന രഹസ്യ റിപ്പോർട്ടിനെ തുടർന്നാണ് സിബിഐ ഗോഡൗണുകളിലും എഫ്സിഐ മാനേജർമാരുടെ വീടുകളിലും 2017 ഒക്ടോബർ 13ന് സംയുക്തമായി റെയ്ഡ് നടത്തിയത്. 2018ൽ പ്രതികളെ അറസ്റ്റ് ചെയ്തു. 2019 നവംബർ ഏഴിനാണ് കേസിൽ സിബിഐ കുറ്റപത്രം സമർപ്പിച്ചത്.

## യാത്രയയപ്പ് നൽകി

കാര്യവട്ടം: ന്യൂഡൽഹി ജാമിഅ മില്ലിയയിൽ അസോസിയേറ്റ് പ്രൊഫസർ ആയി ജോലി ലഭിച്ച കേരള സർവകലാശാല എഡ്യൂക്കേഷൻ വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. സമീർ ബാബുവിന് കേരള യൂണിവേഴ്സിറ്റി ടീച്ചേർസ് ഓർഗനൈസേഷൻ(കെയുടിഒ) യാത്രയയപ്പ് നൽകി. പ്രസിഡന്റ് ഡോ. പ്രേമയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനറൽ സെക്രട്ടറി ഡോ. താജുദീൻ സ്വാഗതവും പ്രൊഫ. അച്യുത് ശങ്കർ എസ് നായർ, പ്രൊഫ. ലാൽ, പ്രൊഫ. എസ് എഷാനവാസ്, പ്രൊഫ. സുജപോൾ, ഡോ. അനു ഉണ്ണി, ഡോ. ദിവ്യ സി സേനൻ, ഡോ. വിജയലക്ഷ്മി, ഡോ. വിജയ കുമാരി, നൗഷാദ് വാളാട് തുടങ്ങിയവർ ആശംസകളും നേർന്നു.

# ഡാറ്റാ എൻട്രി ഓപ്പറേറ്റർ കരാർ നിയമനം

തിരുവനന്തപുരം: സർക്കാർ മെഡിക്കൽ കോളജിൽ ഡാറ്റ എൻട്രി തസ്തികയിലേക്ക് കരാർ നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ചു.

ഇന്റർമീഡിയറ്റ്/പ്ലസ്ടുവും ടൈപിങിൽ ഒരു മണിക്കൂറിൽ 15,000 കീ വേഗതയുമാണ് യോഗ്യത. കമ്പ്യൂട്ടർ പരിജ്ഞാനം നിർബന്ധം. പ്രായ പരിധി 25 വയസ്.

ശമ്പളം മാസം 17,000 രൂപ. കരാർ കാലാവധി ഒരു വർഷം. താല്പര്യമുള്ളവർ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾസഹിതം അപേക്ഷകൾ 22ന് വൈകിട്ട് മൂന്നിന് മുമ്പ് മെഡിക്കൽ കോളജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ലഭിക്കണം.

# നിശ്ചലദൃശ്യവിവാദം; രാജ്നാഥ് സിങ് പശ്ചിമബംഗാളിനും തമിഴ്നാടിനും കത്തെഴുതി

ന്യൂഡൽഹി: റിപ്പബ്ലിക് ദിന പരേഡിൽ അവതരിപ്പിക്കുന്നതിനായി സമർപ്പിച്ച കേരളത്തിന്റെ ഉൾപ്പെടെയുള്ള നിശ്ചലദൃശ്യങ്ങൾ തള്ളിയതിൽ വിമർശനങ്ങൾ ശക്തമായിരിക്കെ പ്രതിരോധമന്ത്രി രാജ്നാഥ് സിങ് പശ്ചിമബംഗാളിനും തമിഴ്നാടിനും കത്തെഴുതി.

കർശന കോവിഡ് നിയന്ത്രണങ്ങളെ തുടർന്നാണ് നിശ്ചലദൃശ്യങ്ങൾ തള്ളിയതെന്നും റിപ്പബ്ലിക് ദിന പരേഡിൽ പങ്കാളികളാകണമെന്നും പശ്ചിമബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജിക്കും തമിഴ്നാട് മുഖ്യമന്ത്രി എംകെ സ്റ്റാലിനും അയച്ച കത്തിൽ രാജ്നാഥ് സിങ് വ്യക്തമാക്കുന്നു.

നേതാജി സുഭാഷ് ചന്ദ്രബോസും ഇന്ത്യൻ നാഷണൽ ആർമിയും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ വഹിച്ച പങ്ക് വ്യക്തമാക്കുന്നതായിരുന്നു പശ്ചിമബംഗാളിന്റെ നിശ്ചലദൃശ്യം. എന്നാൽ രാഷ്ട്രീയവിരോധത്തെ തുടർന്നാണ് നിശ്ചലദൃശ്യം തള്ളിയതെന്നും സ്വാതന്ത്ര്യസമരത്തിൽ സുഭാഷ് ചന്ദ്രബോസിന്റെ പങ്ക് വിസ്മരിച്ചുവെന്നും കാണിച്ച് മമതാ ബാനർജി കേന്ദ്രത്തിന് കത്തയച്ചിരുന്നു. എന്നാൽ ജനുവരി 23 പരാക്രം ദിവസമായി ആചരിക്കാൻ തീരുമാനിച്ചതും റിപ്പബ്ലിക് ദിനാഘോഷങ്ങൾ അന്നുമുതൽ ആരംഭിക്കുന്നതും നേതാജി സുഭാഷ് ചന്ദ്രബോസിനോടുള്ള ആദരസൂചകമായാണെന്ന് കത്തിൽ രാജ്നാഥ് സിങ് പറയുന്നു.

സ്വാതന്ത്ര്യസമര സേനാനിയായ വി ഒ ചിദംബരനാറിനെക്കുറിച്ചുള്ള നിശ്ചലദൃശ്യമാണ് തമിഴ്നാട് സമർപ്പിച്ചത്.

കോവിഡ് വ്യാപനത്തുടർന്ന് നിയന്ത്രണങ്ങൾ കർശനമാക്കിയതിന്റെ ഭാഗമായാണ് തമിഴ്നാടിന്റെ നിശ്ചലദൃശ്യം തള്ളിയതെന്നും സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നിന്നായി 29 നിശ്ചലദൃശ്യങ്ങൾ ലഭിച്ചുവെങ്കിലും 12 എണ്ണം മാത്രമാണ് തെരഞ്ഞെടുത്തതെന്നും സ്റ്റാലിന് അയച്ച കത്തിൽ പ്രതിരോധമന്ത്രി പറയുന്നു.

എന്നാൽ റിപ്പബ്ലിക് ദിന ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി ഇരുവരേയും ക്ഷണിച്ചുകൊണ്ടാണ് കത്ത് അവസാനിപ്പിക്കുന്നത്. തെരഞ്ഞെടുപ്പിനിടെ പുതിയ വിവാദങ്ങൾ ഉടലെടുക്കുന്നത് ചെറുക്കാനാണ് പ്രതിരോധ മന്ത്രിയുടെ നീക്കമെന്നാണ് വിലയിരുത്തപ്പെടുന്നത്.

# മെഡിക്കൽ കോളജിൽ റിസർച്ച് അസിസ്റ്റന്റ് കരാർ നിയമനം

തിരുവനന്തപുരം: സർക്കാർ മെഡിക്കൽ കോളജിൽ റിസർച്ച് അസിസ്റ്റന്റ് തസ്തികയിലേക്ക് കരാർ നിയമനം നടത്തുന്നു. ശാസ്ത്ര വിഷയത്തിലോ ബന്ധപ്പെട്ട വിഷയത്തിലോ ബിരുദവും മൂന്ന് വർഷത്തെ പ്രവർത്തി പരിചയം അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ പിജിയാണ് യോഗ്യത. പ്രായപരിധി 30 വയസ്. ശമ്പളം മാസം 31,000 രൂപ. കരാർ കാലാവധിഒരു വർഷം. ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അപേക്ഷകൾ 22ന് വൈകിട്ട് മൂന്നിന് മുൻപ് നൽകണം. തിരുവനന്തപുരം മെഡിക്കൽ കോളജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ തപാൽ വഴിയോ ഇ മെയിൽ വഴിയോ നേരിട്ടോ അപേക്ഷകൾ എത്തിക്കണം.

നാഗാലാൻഡ് കൂട്ടക്കൊല: സർക്കാരിന് അന്ത്യശാസനവുമായി ഗോത്ര സംഘടനകൾ





# ഫിഫയുടെ 2021ലെ ഏറ്റവും മികച്ച പുരുഷതാരമാകാൻ മെസ്സിയും സലയും ലെവൻഡോവ്സ്കിയും

സൂറിച്ച്: അന്താരാഷ്ട്ര ഫുട്ബോൾ സംഘടനയായ ഫിഫയുടെ കഴിഞ്ഞ വർഷത്തെ ഏറ്റവും മികച്ച പുരുഷ ഫുട്ബോൾ താരത്തെ ജനുവരി 17 ന് പ്രഖ്യാപിക്കും. അവസാന റൗണ്ടിൽ ലയണൽ മെസ്സി, മുഹമ്മദ് സല, റോബർട്ട് ലെവൻഡോവ്സ്കി എന്നീ മൂന്ന് താരങ്ങളാണ് ഇടം നേടിയിരിക്കുന്നത്.

ക്രിസ്റ്റ്യാനോ റൊണാൾഡോ, കരിം ബെൻസേമ, കിലിയൻ എംബാപ്പെ എന്നിവർ ഫൈനൽ കാണാതെ പുറത്തായി. തുടർച്ചയായ രണ്ടാം വർഷവും ഫിഫയുടെ മികച്ച താരത്തിനുള്ള പുരസ്കാരം സ്വന്തമാക്കാനുള്ള ശ്രമത്തിലാണ് ലെവൻഡോവ്സ്കി. സൂറിച്ചിൽ വെച്ച് നടക്കുന്ന ചടങ്ങിൽ വെച്ച് പുരസ്കാരം സമ്മാനിക്കും.

കഴിഞ്ഞ വർഷം ഏറ്റവുമധികം ഗോളടിച്ച് മുന്നിൽ നിൽക്കുന്നത് ലെവൻഡോവ്സ്കിയാണ്. 2021ൽ വിവിധ മത്സരങ്ങളിൽ നിന്നായി 69 ഗോളുകളാണ് താരം അടിച്ചുകൂട്ടിയത്. പോളണ്ടിന്റെ താരമായ ലെവൻഡോവ്സ്കി ബയേൺ മ്യൂണിക്കിനുവേണ്ടിയാണ് കളിക്കുന്നത്. ബയേണിന് വേണ്ടി ഗോളടി മികവ് തുടരുന്ന താരം 2021ൽ ഇതിഹാസതാരം മുള്ളറുടെ രണ്ട് റെക്കോഡുകൾ ഭേദിച്ചിരുന്നു. ബുണ്ടസ് ലീഗയിൽ ഒരു സീസണിൽ ഏറ്റവുമധികം ഗോളടിച്ച താരം, ബുണ്ടസ് ലീഗയിൽ ഒരു കലണ്ടർ വർഷത്തിൽ ഏറ്റവുമധികം ഗോളടിച്ച താരം എന്നീ റെക്കോഡുകളാണ് ലെവൻഡോവ്സ്കി സ്വന്തമാക്കിയത്. ബയേണിനൊപ്പം ബുണ്ടസ് ലീഗ കിരീടം, ജർമൻ സൂപ്പർകപ്പ്, ഫിഫ ക്ലബ്ബ് ലോകകിരീടം എന്നിവ നേടാനും പോളിഷ് താരത്തിന് സാധിച്ചു.

കഴിഞ്ഞ വർഷത്തെ ബാലൺദ്യോർ പുരസ്കാരം നേടിയാണ് സൂപ്പർ താരം മെസ്സിയുടെ വരവ്. അർജന്റീനയ്ക്ക് വേണ്ടി കോപ്പ അമേരിക്ക കിരീടം നേടിയ മെസ്സി കഴിഞ്ഞ സീസണിൽ ബാഴ്സലോണയ്ക്ക് വേണ്ടി ഏറ്റവുമധികം ഗോളടിച്ച താരമായി മാറി. പക്ഷേ പി.എസ്.ജിയിലേക്ക് ചേക്കേറിയ ശേഷം വേണ്ടത്ര മികവ് പുറത്തെടുക്കാൻ മെസ്സിയ്ക്ക് കഴിഞ്ഞില്ല. കഴിഞ്ഞ വർഷം 43 ഗോളുകളും 18 അസിസ്റ്റുകളുമാണ് മെസ്സിയുടെ മാന്ത്രിക ബൂട്ടിൽ നിന്ന് പിറന്നത്.

ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ തകർപ്പൻ ഫോമിൽ കളിക്കുന്ന മുഹമ്മദ് സല 2018ൽ ഫിഫയുടെ മികച്ച താരത്തിനുള്ള പട്ടികയിൽ മൂന്നാം സ്ഥാനത്തെത്തിയിരുന്നു. ഈജിപ്ഷ്യൻ താരമായ സല ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ ലിവർപൂളിന് വേണ്ടിയാണ് ബൂട്ടുകെട്ടുന്നത്. ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ കഴിഞ്ഞ സീസണിൽ ടോപ് സ്കോററായ സല ആകെ 39 ഗോളുകളും 11 അസിസ്റ്റുകളുമാണ് നേടിയത്.

## പെൺകുട്ടിയെ ലൈംഗിക ചൂഷണത്തിനിരയാക്കി; മദ്രസ അധ്യാപകൻ അറസ്റ്റിൽ

കാസർഗോഡ്: സ്കൂൾ വിദ്യാർഥിനിയെ പീഡിപ്പിച്ച സംഭവത്തിൽ മദ്രസ അധ്യാപകൻ അറസ്റ്റിൽ. കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷൻ പരിധിയിലെ പത്താംക്ലാസ് വിദ്യാർഥിനിയുടെ പരാതിപ്രകാരം മദ്രസ അധ്യാപകനായ പരപ്പ കോളംകുളം സ്വദേശി അഷ്റഫി (41) നെയാണ് കാസർഗോഡ് വനിതാ പോലീസ് അറസ്റ്റ് ചെയ്തത്.

മൂന്നു യുവാക്കൾ പീഡിപ്പിച്ചതായി പരാതി നൽകിയ വിദ്യാർഥിനിയെ കൗൺസലിംഗിന് വിധേയമാക്കിയപ്പോഴാണ് വർഷങ്ങൾക്കുമുന്പ് മദ്രസ അധ്യാപകൻ പീഡിപ്പിച്ച വിവരം വെളിപ്പെടുത്തിയത്. ഇൻസ്റ്റഗ്രാമിലൂടെ പരിചയപ്പെട്ട മൂന്ന് യുവാക്കൾ ലൈംഗികമായി പീഡിപ്പിച്ചെന്നായിരുന്നു ആദ്യ പരാതി. സംഭവത്തിൽ ഒരാളെ അറസ്റ്റ് ചെയ്തിരുന്നു.

പെൺകുട്ടിയുടെ മാനസികാവസ്ഥയിൽ സംശയം തോന്നി സ്കൂൾ അധ്യാപിക നടത്തിയ കൗൺസലിംഗിലൂടെയാണ് വർഷങ്ങൾക്കുമുന്പ് നേരിട്ട പീഡനത്തെക്കുറിച്ച് പെൺകുട്ടി വെളിപ്പെടുത്തിയത്. മദ്രസയിൽ അഞ്ചാംക്ലാസിൽ പഠിക്കുന്ന സമയത്ത് മദ്രസ അധ്യാപകനായിരുന്ന അഷ്റഫ് പീഡിപ്പിച്ചെന്നാണു പരാതി. തുടർന്ന് സ്കൂൾ അധികൃതർ ചൈൽഡ് ലൈനുമായി ബന്ധപ്പെട്ട് പോലീസിനെ വിവരം അറിയിക്കുകയായിരുന്നു.

# പുളിക്കീഴ് സ്റ്റേഷനിൽനിന്നു പോക്സോ കേസ് പ്രതി രക്ഷപ്പെട്ടു

തിരുവല്ല: പുളിക്കീഴ് പോലീസ് സ്റ്റേഷനിൽനിന്നു പോക്സോ കേസ് പ്രതി രക്ഷപ്പെട്ടു. പതിനഞ്ചുകാരിയെ പ്രണയം നടിച്ചു തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസിലെ പ്രതി പൊടിയാടി സ്വദേശി സജു കുര്യനാണ് (20) ഇന്നലെ രാത്രി വിലങ്ങഴിച്ചുമാറ്റി രക്ഷപ്പെട്ടത്. നേരത്തെയും പുളിക്കീഴ് സ്റ്റേഷനിൽ നിന്നു പ്രതികൾ രക്ഷപ്പെട്ടിട്ടുള്ളതിനാൽ ഇത്തവണ സൂക്ഷിക്കണമെന്ന മുന്നറിയിപ്പ് ഡിവൈഎസ്പിയിൽനിന്നു വയർലെസ് സെറ്റിലൂടെ ലഭിച്ചതിനു പിന്നാലെയാണ് സജുവിൻറെ രക്ഷപ്പെടലെന്നതും ശ്രദ്ധേയമായി.

മൂന്നു ദിവസം മുമ്പാണ് സജുവിനെതിരെയുള്ള പരാതി പുളിക്കീഴ് പോലീസ് സ്റ്റേഷനിൽ ലഭിക്കുന്നത്. പതിനഞ്ചുകാരിയെ കാണാനില്ലെന്ന പരാതി പെൺകുട്ടിയുടെ രക്ഷിതാക്കളാണ് നൽകിയത്. സജു പെൺകുട്ടിയുമായി നാടുവിട്ടുവെന്നായിരുന്നു പരാതി. ഇത് അന്വേഷിക്കുന്നതിനിടെ ഇന്നലെ രാവിലെ പെൺകുട്ടിയുമായി സജു പോലീസ് സ്റ്റേഷനിൽ ഹാജരായി.

സജുവിനെ പോലീസ് കസ്റ്റഡിയിലെടുത്തു. പെൺകുട്ടി പീഡനത്തിനിരയായെന്നു തെളിഞ്ഞതിനെത്തുടർന്നു പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തി കോടതിയിൽ ഹാജരാക്കാൻ സൂക്ഷിച്ചിരിക്കുകയായിരുന്നു. പുളിക്കീഴ് സ്റ്റേഷനിൽ പ്രതികളെ സൂക്ഷിക്കാൻ സെല്ലില്ല.

ഇക്കാരണത്താൽ മേശയുടെ കാലുമായിട്ടാണ് വിലങ്ങിട്ടു ബന്ധിക്കുന്നത്. സജുവിനെയും ഇത്തരത്തിൽ ബന്ധിച്ചിരുന്നതായി പറയുന്നു. കൈ മുറുകി വേദന എടുക്കുന്നതിനാൽ അയച്ചുതരാൻ പോലീസുകാരനോട് ഇയാൾ ആവശ്യപ്പെട്ടു. ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരൻ അയച്ചു കൊടുത്തു.

ഇതേത്തുടർന്ന് ഇയാൾ വിദഗ്ധമായി വിലങ്ങ് ഊരി രക്ഷപ്പെടുകയായിരുന്നു. രാത്രിയിൽത്തന്നെ പോലീസ് അന്വേഷണം ഊർജിതമാക്കി. മൂന്നാഴ്ച മുമ്പ് വീടാക്രമണ കേസിൽ പിടിയിലായ പ്രതി സ്റ്റേഷനിൽനിന്നു രക്ഷപ്പെട്ടിരുന്നു.

# വാർത്താവിലക്കു ഹർജിയിൽ പരിശോധനയ്ക്ക് നിർദേശം

കൊച്ചി: നടിയെ ആക്രമിച്ച സംഭവത്തിൽ മാധ്യമവാർത്തകൾ വിലക്കിയ വിചാരണക്കോടതി ഉത്തരവ് ലംഘിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ പൊലിസ് മേധാവിക്ക് ഹൈക്കോടതിയുടെ നിർദേശം.

അന്വേഷണം നടത്തി രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് നൽകണം. ലംഘനമുണ്ടെങ്കിൽ യുക്തമായ നടപടി എടുക്കാനും കോടതി ഉത്തരവിട്ടു. വിചാരണ തീരുംവരെ കേസുമായി ബന്ധപ്പെട്ട് വാർത്തകൾ നൽകുന്നത് വിലക്കണമെന്നാവശ്യപ്പെട്ട് ദിലീപ് സമർപ്പിച്ച ഹർജിയാണ് ജസ്റ്റീസ് കൗസർ എടപ്പഗത്ത് പരിഗണിച്ചത്. രഹസ്യവിചാരണ നിർദേശം മാധ്യമങ്ങൾ ലംഘിക്കുന്നുവെന്ന് ഹർജിയിൽ ചൂണ്ടിക്കാട്ടി.

സെഷൻസ് കോടതി ഇറക്കിയ ഉത്തരവ് കർശനമായി പാലിക്കാൻ നടപടി വേണമെന്നും ഹർജി ഭാഗം ആവശ്യപ്പെട്ടു. സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും വിധികൾക്ക് എതിരാണ് ഇപ്പോൾ നടക്കുന്ന മാധ്യമ വിചാരണയെന്നും ബോധിപ്പിച്ചു.

വിചാരണ കോടതിയുടെ ഉത്തരവ് നടപ്പാക്കുന്നില്ലെങ്കിൽ വിചാരണ കോടതിയെ തന്നെ സമീപിക്കണമെന്ന് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ചൂണ്ടിക്കാട്ടി. വിചാരണക്കോടതിയിൽ പ്രോസിക്യൂട്ടർ ഇല്ലെന്ന് ദിലീപ് ആരോപിച്ചു. ഡിജിപിക്ക് സെഷൻസ് കോടതി ഉത്തരവ് നടപ്പാക്കുന്നതിൽ പരിമിതികൾ ഉണ്ടെന്നും വ്യക്തമാക്കി. ബാധകമാവുന്ന ആളുകൾ ഹൈക്കോടതിയെ സമീപിക്കുന്നതിൽ എന്താണ് തെറ്റെന്നും കോടതി ഉത്തരവ് നടപ്പാക്കാൻ ഡിജിപിക്ക് ബാധ്യതയില്ലേയെന്നും കോടതി ആരാഞ്ഞു. കേസ് രണ്ടാഴ്ച കഴിഞ്ഞ് പരിഗണിക്കാനായി മാറ്റി.

## ഡയറക്ടർ നിയമനം

പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിൽ (ഐ.ഐ.എം.എസ്) ഡയറക്ടർ തസ്തികയിൽ നിയമനത്തിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ, എം.ബി.ബി.എസും, മെഡിക്കൽ പി.ജിയുമുള്ള 15 വർഷത്തിൽ കുറയാത്ത മെഡിക്കൽ കോളേജ് അധ്യാപന പരിചയമുള്ളവർ, ഗവൺമെന്റ് സർവീസിൽ കുറഞ്ഞത് 15 വർഷത്തെ പ്രവൃത്തി പരിചയമുള്ളതും എം.ബി.ബി.എസ് ഡിഗ്രിയുള്ളതുമായ മാനേജ്മെന്റ് വിദഗ്ധർ എന്നിവരിൽ നിന്ന് അന്യത്ര സേവന വ്യവസ്ഥയിലോ കരാർ വ്യവസ്ഥയിലോ അപേക്ഷകൾ ക്ഷണിച്ചു. നിശ്ചിത യോഗ്യതയുള്ളവർ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം 695001 വിലാസത്തിൽ 25ന് അപേക്ഷ സമർപ്പിക്കണം.

# 15 കോടിയ്ക്ക് രാഹുൽ ലഖ്നൗവിൽ; ഹാർദിക് പാണ്ഡ്യ അഹമ്മദാബാദിന്റെ ക്യാപ്റ്റനായേക്കും

മുംബൈ: ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിലെ പുതിയ ഫ്രാഞ്ചൈസിയായ ലഖ്നൗ ടീം മൂന്നു താരങ്ങളെ ടീമിലെടുത്തു. കെ.എൽ. രാഹുൽ, ഓസ്ട്രേലിയൻ ഓൾറൗണ്ടർ മാർക്കസ് സ്റ്റോയിനിസ്, ലെഗ് സ്പിന്നർ രവി ബിഷ്ണോയി എന്നിവരെയാണ് സ്വന്തമാക്കിയത്. മെഗാലേലത്തിനുമുമ്പ് മൂന്നു താരങ്ങളെ ടീമുകൾക്ക് തിരഞ്ഞെടുക്കാം.

രാഹുലിന് 15 കോടിയും സ്റ്റോയിനിസിന് 11 കോടിയും ബിഷ്ണോയിക്ക് നാലുകോടിയുമാണ് മുടക്കുക. അടുത്തമാസം ബെംഗളൂരുവിൽ നടക്കുന്ന മെഗാലേലത്തിൽ ലഖ്നൗ ടീമിന് 60 കോടി ബാക്കിയുണ്ടാവും.

കഴിഞ്ഞ സീസണിൽ മുംബൈ ഇന്ത്യൻസ് താരമായിരുന്ന ഹാർദിക് പാണ്ഡ്യ മറ്റൊരു പുതിയ ഫ്രാഞ്ചൈസിയായ അഹമ്മദാബാദിന്റെ ക്യാപ്റ്റൻ ആയേക്കും എന്നും റിപ്പോർട്ടുകളുണ്ട്. അഫ്ഗാൻ താരം റാഷിദ് ഖാൻ, യുവതാരം ശുഭ്മാൻ ഗിൽ എന്നിവരേയും അഹമ്മദാബാദ് സ്വന്തമാക്കിയതായാണ് സൂചന. കഴിഞ്ഞ സീസണിൽ റാഷിദ് സൺറൈസേഴ്സ് ഹൈദരാബാദിലും ശുഭ്മാൻ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിലുമാണ് കളിച്ചത്.

അതേസമയം, ഇംഗ്ലണ്ട് ഓൾറൗണ്ടർ ബെൻ സ്റ്റോക്സ് ഐ.പി.എല്ലിൽ കളിക്കില്ല. മെഗാ താരലേലത്തിൽനിന്ന് അദ്ദേഹം പിന്മാറി. അടുത്ത സീസണിൽ ഇംഗ്ലണ്ടിന്റെ കളികൾക്കായി ഒരുങ്ങുന്നതിനാണ് ഐ.പി.എലിൽ നിന്ന് വിട്ടുനിൽക്കുന്നതെന്ന് സ്റ്റോക്സ് പറഞ്ഞു.

## നഗരസഭയിൽ വിവിധ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി

തിരുവനന്തപുരം: നഗരസഭയിൽ വിവിധ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി. ബിസിനസ് ലോൺ എടുക്കുന്നവർക്ക് പരമാവധി 40,000 രൂപയെന്ന പരിധിക്ക് വിധേയമായി 50 ശതമാനംവരെ സബ്സിഡി ലഭിക്കും.

വനിതകൾക്കും പട്ടികജാതി ഗുണഭോക്താക്കൾക്കും പരമാവധി 50,000 രൂപയെന്ന പരിധിക്ക് വിധേയമായി 75 ശതമാനം വരെ സബ്സിഡി നൽകുന്നു. ഓട്ടോറിക്ഷ വാങ്ങുന്നതിന് പുരുഷന്മാർക്ക് 50,000 രൂപ, പട്ടിക ജാതിക്കാർക്ക് 60, 000രൂപ, വനിതകൾക്ക് 70,000 രൂപ എന്ന ക്രമത്തിൽ പരമാവധി സബ്സിഡി അനുവദിക്കും.

തൊഴിൽ ചെയ്യുന്നതിന്റെ ഭാഗമായി ടൂ വീലർ വാങ്ങുന്നതിന് പട്ടികജാതിക്കാർക്ക് വാഹന വിലയുടെ പകുതി സബ്സിഡിയായി നൽകും. നഗരസഭ ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറാണ് നിർവഹണ ഉദ്യോഗസ്ഥൻ. കൂടുതൽ വിവരങ്ങൾക്ക് 9188127023 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണെന്ന് മേയർ അറിയിച്ചു.

# അതിർത്തി തർക്കം; ഏകപക്ഷീയമായ നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവയ്ക്കണമെന്ന് ഇന്ത്യയോട് നേപ്പാൾ

കാഠ്മണ്ഡു: കാളി നദിയുടെ കിഴക്കൻ മേഖലയിൽ ഇന്ത്യ നടത്തിവരുന്ന ഏകപക്ഷീയമായ റോഡ് നിർമ്മാണവും വിപുലീകരണവും നിർത്തിവയ്ക്കണമെന്ന് നേപ്പാൾ ഇന്ത്യയോട് ആവശ്യപ്പെട്ടു. ലിപുലേഖ് മേഖലയിലെ റോഡ് നിർമ്മാണപ്രവർത്തനങ്ങൾ വിപുലീകരിക്കുമെന്ന പ്രധാനമന്ത്രി നരേന്ദ്രമോഡിയുടെ പ്രഖ്യാപനത്തിന് പിന്നാലെയാണ് നേപ്പാളിന്റെ പ്രതികരണം. ലിപുലേഖിനെ നേപ്പാളിന്റെ ഭാഗമായാണ് അവർ കണക്കാക്കുന്നത്.

നേപ്പാൾ വാർത്താവിനിമയ മന്ത്രിയും കാബിനറ്റ് വക്താവുമായ ഗ്യാനേന്ദ്ര ബഹാദുർ കാർക്കിയാണ് ഇത് സംബന്ധിച്ച പ്രസ്താവന നടത്തിയത്. ലിംപിയാദുര, ലിപുലേഖ്, കാലാപാനിയും നേപ്പാളിന്റെ അവിഭാജ്യഘടകങ്ങളാണ്. പ്രദേശത്ത് ഇന്ത്യ ഏകപക്ഷീയമായി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കണമെന്നും കാർക്കി പറഞ്ഞു. ഇന്ത്യയും നേപ്പാളും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള അതിർത്തി തർക്കമുണ്ടായാൽ ചരിത്രരേഖകളുടെ അടിസ്ഥാനത്തിൽ നയതന്ത്രവഴിയിലൂടെ അതിന് പരിഹാരം കണ്ടെത്തുകയാണ് വേണ്ടതെന്നും കാർക്കി പറഞ്ഞു.

എന്നാൽ ഇന്ത്യ സ്വന്തം മേഖലയിൽ മാത്രമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതെന്നും സ്വന്തം അതിർത്തിയെക്കുറിച്ച് ഇന്ത്യയ്ക്ക് നല്ല നിശ്ചയമുണ്ടെന്നും കാഠ്മണ്ഡുവിലെ ഇന്ത്യൻ എംബസി പ്രതികരിച്ചു.

## വാഹനാപകടം: പരിക്കേറ്റ് ചികിത്സയിലായിരുന്ന ആൾ മരിച്ചു

ആറ്റിങ്ങൽ: ബൈക്കുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിഞ്ഞിരുന്ന ആൾ മരിച്ചു. കിഴുവിലം മംഗ്ലാവിൽ വീട്ടിൽ ഹിദായത്തുള്ള(52) ആണ് മരിച്ചത്. ഞായറാഴ്ച വൈകുന്നേരം ചെറുവള്ളിമുക്ക് ജങ്ഷന് സമീപം പിടിപി റോഡിലാണ് അപകടം നടന്നത്.

ഹിദായത്തുള്ള സഞ്ചരിച്ച സ്കൂട്ടറും ബൈക്കും ആണ് കൂട്ടിയിടിച്ചത്. അപകടത്തിൽ തലയ്ക്ക് ഗുരുതരമായി പരിക്കേറ്റഹിദായത്തുള്ളയെ ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിക്ക് ഗുരുതരമായതിനാൽ മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഭാര്യ: ജസീന. മകൻ: മുഹമ്മദ് ആലി. ബൈക്കിൽ ഉണ്ടായിരുന്ന രണ്ട് യുവാക്കൾക്കും ഗുരുതരമായി പരിക്കേറ്റു. ഇവർ തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സയിലാണ്.

# കുട്ടികൾക്ക് വാക്സിനേഷൻ മാർച്ചിൽ ആരംഭിക്കും

ന്യൂഡൽഹി: കുട്ടികൾക്ക് വാക്സിനേഷൻ മാർച്ചിൽ ആരംഭിക്കും. 12 മുതൽ 14 വയസ് വരെയുള്ള കുട്ടികൾക്കാണ് മാർച്ച് മുതൽ വാക്സിൻ നൽകി തുടങ്ങുന്നത്.

ഫെബ്രുവരി അവസാനത്തോടെ കുട്ടികൾക്കുള്ള വാക്സിനേഷൻ ആരംഭിച്ചേക്കുമെന്ന് ഇമ്യുണൈസേഷന്റെ നാഷണൽ ടെക്നിക്കൽ അഡൈ്വസറി ഗ്രൂപ്പ് ചെയർമാൻ ഡോ. എൻ കെ അറോറ അറിയിച്ചിരുന്നു. 15 നും 18 നും ഇടയിൽ പ്രായമുള്ള 45 ശതമാനം കുട്ടികൾ ആദ്യ ഡോസ് വാക്സിൻ സ്വീകരിച്ചിട്ടുണ്ട്. 12 വയസിൽ താഴെയുള്ള കുട്ടികൾക്ക് സെപ്റ്റംബർ മുതൽ വാക്സിൻ നൽകാൻ ആലോചനയുണ്ട്.

ജനുവരി അവസാനത്തോടെ 1517 വിഭാഗത്തിലുള്ള 7.4 കോടി യുവാക്കളിൽ ആദ്യം ഡോസ് വാക്സിനേഷൻ പൂർത്തീകരിക്കാനാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് ഡോ. അറോറ അറിയിച്ചു. ഫെബ്രുവരി അവസാനത്തോടെ രണ്ടാം ഡോസ് വാക്സിനേഷനും പൂർത്തീകരിക്കാനും പദ്ധതിയുണ്ട്. സ്കൂൾ, കോളജ് തുടങ്ങി, ആളുകൾ കൂടുതലുള്ള ഇടങ്ങളിൽ പോകുന്നതിനാൽ കൗമാരക്കാരുടെ വാക്സിനേഷൻ പ്രധാനമാണെന്ന് ഡോ. അറോറ ചൂണ്ടിക്കാട്ടുന്നു. 15 17 വയസിലുള്ള കുട്ടികൾക്ക് ഭാരത് ബയോടെക്കിന്റെ കോവാക്സിനാണ് രാജ്യത്ത് നൽകിവരുന്നത്.

## നാഗാലാൻഡ് കൂട്ടക്കൊല: സർക്കാരിന് അന്ത്യശാസനവുമായി ഗോത്ര സംഘടനകൾ

കൊഹിമ: നാഗാലാൻഡിലെ മോൺ ജില്ലയിൽ വിഘടനവാദികളെന്ന് കരുതി 14 ഗ്രാമീണരെ സൈന്യം വെടിവച്ചുകൊന്ന സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടികളെടുക്കാൻ സർക്കാരിന് 10 ദിവസത്തെ സമയം കൂടി അനുവദിച്ച് ഗോത്ര സംഘടനകൾ.

കൊന്യാക് യൂണിയൻ, കൊന്യാക് ന്യൂപു ഷെക്കോ ഖോങ്, കൊന്യാക് സ്റ്റുഡന്റ്സ് യൂണിയൻ എന്നിവയുൾപ്പെടെ നിരവധി സംഘടനകൾ പ്രതിഷേധവുമായി രംഗത്തെത്തിയിട്ടുണ്ട്. നീതി ലഭിക്കുന്നതുവരെ 'സമ്പൂർണ നിസഹകരണ' സമരം തുടരുമെന്ന് സംഘടനകൾ പറഞ്ഞു. ഇതിന്റെ ഭാഗമായി എല്ലാ ദേശീയ പരിപാടികളിൽ നിന്നും വിട്ടുനിൽക്കുമെന്നും സംയുക്ത പ്രസ്താവനയിൽ പറയുന്നു.

ഡിസംബർ ആറിനാണ് 21 പാരാ സ്പെഷ്യൽ ഫോഴ്സിലെ സൈനികർ നടത്തിയ വെടിവയ്പ്പിൽ 14 ഗ്രാമീണർ കൊല്ലപ്പെട്ടത്.

## ലൈഫ് സ്കിൽഡ് എഡ്യുക്കേഷൻ ഡിപ്ലോമയ്ക്ക് അപേക്ഷിക്കാം

തിരുവനന്തപുരം: സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്ആർസി കമ്മ്യൂണിറ്റി കോളജ് 2022 ജനുവരി സെക്ഷനിൽ നടത്തുന്ന ലൈഫ് സ്കിൽഡ് എഡ്യുക്കേഷൻ ഡിപ്ലോമ പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡിഗ്രി പാസായവർക്ക് അപേക്ഷിക്കാം. ഒരു വർഷമാണ് കാലാവധി. അംഗീകൃത പഠനകേന്ദ്രത്തിന്റെ സഹായത്തോടെയാണ് തിയറിപ്രാക്ടിക്കൽ ക്ലാസുകൾ നടത്തുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31. കൂടുതൽ വിവരങ്ങൾക്ക് സ്റ്റഡി സെന്ററുമായി ബന്ധപ്പെടാവുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു. ഫോൺ: 0471 2325101, 2325102, 8281114464.

# അഫ്ഗാനിൽ നിന്ന് പലായനം ചെയ്തവർ ജീവിക്കാനായി കുട്ടികളെ വിൽക്കുന്നു

കാബൂൾ: താലിബാൻ അധികാരം പിടിച്ചെടുത്തതിന് പിന്നാലെ ജീവഭയത്തെ തുടർന്ന് രാജ്യത്ത് നിന്ന് പലായനം ചെയ്തവർ പട്ടിണിമാറ്റാനായി സ്വന്തം കുട്ടികളെ വിൽക്കുന്നുവെന്ന് റിപ്പോർട്ട്. കുട്ടികൾക്കൊപ്പം അവയവങ്ങളും ഇവർ വിൽക്കുന്നതായാണ് ടോളോ ന്യൂസ് റിപ്പോർട്ട് ചെയ്യുന്നത്.

അഫ്ഗാനിസ്ഥാന്റെ വടക്കൻ മേഖലയിലുള്ള ബാൽക്, സർ ഇ പുൽ, ഫര്യാബ്, ജോസ്ജാൻ മേഖലയിൽ നിന്ന് പലായനം ചെയ്ത ഒരു കൂട്ടം അഫ്ഗാനികളാണ് കൊടുംപട്ടിണിയിൽ കഴിഞ്ഞുകൂടുന്നത്. ബാൽഖ് പ്രവിശ്യയുടെ തലസ്ഥാനമായ മസാർ ഇ ഷരീഫിലാണ് നിലവിൽ ഇവരുള്ളത്. ഇവർക്ക് പണവും ഭക്ഷണവും എത്തിച്ചുനൽകുന്നുണ്ടെന്നും കിഡ്നി ഉൾപ്പെടെയുള്ള അവയവങ്ങൾ നൽകുന്നതും കുട്ടികളെ വിൽപനയ്ക്ക് വയ്ക്കുന്നതും ഒഴിവാക്കണമെന്ന് ഇവരോട് നിരന്തരമായി അഭ്യർത്ഥിക്കുന്നുണ്ടെന്നും മേഖലയിൽ പ്രവർത്തിക്കുന്ന ചാരിറ്റി കമ്മിറ്റി അറിയിച്ചു.

രണ്ടു മുതൽ ഏഴു കുട്ടികൾ വരെയാണ് ഒരു കുടുംബത്തിലുള്ളത്. ഒരു ലക്ഷം മുതൽ ഒന്നരലക്ഷം രൂപ വരെയാണ് ഒരു കുട്ടിയെ വിറ്റാൽ ലഭിക്കുക. കിഡ്നി കൊടുത്താൽ ഒന്നര ലക്ഷം മുതൽ രണ്ടര ലക്ഷത്തിന് അടുത്തു വരെ കിട്ടുമെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.